A methanolic solution of zinc (II), manganese (II) and manganese (III) ethanoate (1m mol) was added in small quantities to a hot methanolic solution of MSINH (2m mol) and stirring continued for 30 min. Yellow , pale brown and dark brown precipitates were obtained respectively for zinc (II), manganese (II) and manganese (III) . Iron (III) complex was prepared by stirring hot methanolic solution of MSINH and methanolic solution (2m mol) of ferric ammonium sulphate dodecahydrate for 10-20min.A coffee brown precipitate was obtained. The precipitated complexes were suction filtered, washed with water, methanol and finally with ether and dried.

**Antimicrobial (Antibacterial and Antifungal) activities:**

The disc diffusion assay, standardised by (NCCLS, 1999) [14]was performed with the ligands and the complexes to determine the antibacterial activity. The zone of inhibition against three gram negative bacteria species (E.Coli, Klebsiella and Salmonella) and gram positive species (Staphylococcus Aureus) were measured. The ligand / complex, 1mg in 1ml DMSO was applied on a paper disc with the help of a micropipette. The discs were left in an incubator for 48hrs at $37^0$C and then applied on the bacteria grown agar plates.

Inhibition of the fungal mycelial growth was determined on Potato Dextrose Agar medium (PDA) using poisoned substrate technique[15]. Radial mycelial growth in the presence of the ligand MSINH and complexes of this ligand with zinc (II), manganese (II), manganese (III) and iron (III) salts at a concentration of 1mg/ml in DMSO were measured against Aspergillus flavus, a highly poisonous fungus found in spoiled food materials. Mycelial growth on PDA plate in presence of DMSO alone was also measured as the control. Growth of the fungal colony was noted at two days interval for ten days.

The chemical analysis data and physical properties of the ligand and complexes are given in (Table1).Complexes obtained were all coloured, non hygroscopic solids stable in air. The ligands were

soluble in ethanol, methanol, acetone, DMF, DMSO and sparingly soluble in ether and insoluble in water. Complexes were only sparingly soluble in ethanol, methanol and chloroform, and soluble in DMF and DMSO.

The molar conductance values of $10^{-3}$ M solutions of zinc (II) manganese (II) and manganese (III) complexes lie in the range 10-45 mho $cm^2mol^{-1}$ in dry DMF indicate their non electrolytic behaviour[16]. The molar conductance values of $10^{-3}$ M solution of Iron (III) complex was 230 mho $cm^2mol^{-1}$ corresponds to a 2:2 electrolyte. Zinc complex was diamagnetic as expected for a $d^{10}$ system. Manganese (II) and manganese (III) complexes gave magnetic moments of 5.72BM and 4.9 BM respectively. Iron (III) complex gave an effective magnetic moment value of 6.12BM at room temperature.

**Table-1 Chemical analysis data and physical properties of ligand and complexes**

| Compound | Analysis (%) Found(calculated) | | | | Molecular weight | Molar conductance Mhocm²mol-¹ | Magnetic Moment BM |
|---|---|---|---|---|---|---|---|
| | Metal | Carbon | Hydrogen | Nitrogen | | | |
| $C_{}H_{}N_{}O_{}$(L) | - | 61.27 (61.99) | 4.98 (4.79) | 15.45 (15.49) | 271 | - | - |
| $[ZnLH_2O]$ | 18.23 (18.5) | 48.28 (47.54) | 3.43 (3.68) | 11.81 (11.88) | 353.39 | 12 | D |
| $[Mn(L)_2(H_2O)_2]2H_2O$ | 8.4 (8.24) | 50.12 (50.38) | 4.60 (4.2) | 12.44 (12.59) | 666.94 | 20 | 5.72 |
| $[Mn(L)_2(OAc)H_2O]$ | 8.53 (8.18) | 54.04 (53.58) | 4.23 (4.31) | 12.50 (12.42) | 671.94 | 12 | 4.9 |
| $[Fe(L)_2(OH)H_2O](SO_4)$ | 7.5 (7.68) | 46.47 (46.23) | 3.69 (3.99) | 11.32 (11.56) | 726.85 | 230 | 6.12 |

Table-2 IR Spectral data ($cm^{-1}$) of ligand and complexes

| Compound | íOH | íNH | íC=O | íC=N | íCO | íN-N | íM-N | íM-O |
|---|---|---|---|---|---|---|---|---|
| $C_{}H_{}N_{}O_{}$(L) | 3429 | 3198 | 1651 | 1620 | 1221 | 965 | - | - |
| $[ZnLH_2O]$ | 3444 | - | - | 1598 | 1250 | 1020 | 511 | 450 |
| $[Mn(L)_2(H_2O)_2]2H_2O$ | 3430 | - | - | 1594 | 1240 | 1028 | 509 | 464 |
| $[Mn(L)_2(OAc)H_2O]$ | 3432 | - | - | 1590 | 1238 | 1032 | 512 | 467 |
| $[Fe(L)_2(OH)H_2O](SO_4)$ | 3428 | - | 1630 | 1589 | 1223 | 1028 | 520 | 461 |

IR spectra of the ligand L shows band at 3198 $cm^{-1}$ corresponding to í (NH) stretching[17] and it is absent in the spectra of the complexes. This together with the disappearance of the band due to í (C=O) in the complexes of Zn (II), Mn (II) and Mn (III) indicate that enolisation and subsequent deprotonation has occurred. But íC == O vibrations at 1651$cm^{-1}$ in the ligand shifts to 1630 $cm^{-1}$in Fe (III)complex which indicates that the ligand exist in the keto form and

the ketonic oxygen is involved in complexation.The presence of medium to weak intensity broad band centered at 3429 $cm^{-1}$ in the ligand corresponding to phenolic í (OH) vibrations[18] becomes further broadened and increased in intensity in the complexes indicating non participation of phenolic oxygen in complexation except in zinc complex.The broadening may be due to the overlapping of í (OH) with absorption due to lattice water /coordinated water[19]. The upward shift in the íCO band[20] observed at 1221 $cm^{-1}$ in the ligand suggests that enolic oxygen has coordinated to the metal in the complexes of Zn (II), Mn (II) and Mn(III). The vibrational band at 1610$cm^{-1}$ assigned to íC=N of the ligand show downward shift by 10-28 $cm^{-1}$ in the spectra of complexes [21]confirming coordination through the azomethine nitrogen. Coordination through the azomethine nitrogen is further supported by the upward shift of í N-N observed at 965 $cm^{-1}$ in the ligand by ~ 30-60 $cm^{-1}$ in the complexes[22].The new weak bands at ~510$cm^{-1}$ and ~ 460 $cm^{-1}$ in the metal complexes have been assigned to í M-N and íM-O modes respectively[23].The spectra of complexes show absorptions at around 820,580 and500 $cm^{-1}$that can be attributed to rocking, twisting and wagging modes of coordinated water.

$^1$H NMR, MSINH



$^1$H NMR spectrum of the ligand shows signal due to OH at $\delta$ (12.265)[24] which disappears in the$^1$HNMR spectra of zinc complex indicating deprotonation and that phenolic oxygen is involved in complexation .A singlet at (10.5) [25]in the free ligand due to NH disappears in the complex. A singlet at (8. 678) observed in the spectrum of the free ligand had shifted to (8.818) indicating coordination through azomethine nitrogen. This downward shift may be due to the reduction of electron density at the azomethine C-H.The methoxy protons of the ligand and complexes [26]appear at (3.746) .The seven aromatic

protons appear as multiplets within the range (7.86-7.18) (isonicotinic 4H) and (6.96-6.87) (phenyl 3H).

Zinc (II) complex of MSINH was diamagnetic and for the four coordinated zinc complex tetrahedral geometry is proposed. The electronic spectra of the complexes as DMF solutions are nearly similar in terms of the position, intensity and shape of the bands .They showed new intense broad bands in the range 450-518 nm confirming their charge transfer (CT) nature. Therefore, the colour of all complexes are dominated by a CT transition which obscured the weak d-d transitions occurring in the same region; The magnetic moment values of 5.72BM and4.9BM suggest octahedral geometries to Mn(II) and Mn(III) complexes respectively . The magnetic moment of iron (III) complex was found to be 6.12 BM. A high spin octahedral geometry was proposed for iron (III) complex.

Antibacterial studies reveal that the ligand shows no measurable activity against gram negative species E.Coli , Klebsiella ,Salmonella typhi and gram positive staphylococcus aureus.But Mn(II) andMn(III) complexes showed moderate activities against E.coli and Staphylococcus aureus.None of the tested compounds showed activity against the gram negative Klebsiella species and Salmonella typhi.

| Compound | E.Coli | Klebsiella | Salmonella typhi | Staphylococcus Aureus |
|---|---|---|---|---|
| MSINH | - | - | - | - |
| Zn(II) complex | 3mm | - | - | - |
| Mn(II) complex | 8mm | - | - | 9mm |
| Mn(III) complex | 10mm | - | - | 11mm |
| Fe(III) complex | 3mm | - | - | 4mm |

Anti fungal studies reveal that both the ligand and complexes were only slightly active against the fungal species aspergillus flavus and among the tested complexes the zinc complex showed highest activity. The fungal colony of 5mm diameter placed at the centre of the PDA plate grew to 33mm for the control (DMSO), to 23mm for zinc complex and to 30mm for the ligand MSINH after 10 days.



6-Zn Complex& 9-Control



6-Zn Complex& 3-MSINH

## Conclusion

From the various analytical and spectro chemical studies, we propose the following geometries to the complexes. Tetrahedral

geometry to the Zinc (II) octahedral geometries to Manganese (II) Manganese (III) and Iron (III) complexes. The microbial studies indicate that among the studied ligand and complexes Mn (II) and Mn (III) complexes show moderate activity against E.Coli and Staphylococcus aureus and Zn (II) complex was active against the tested fungal species. Results from PASS Prediction server (http:// www.pharmaexpert.ru/passonline/) based on the analysis of structure activity-relationships indicate that the probability of the ligand to be active against mycobacterium tuberculosis is high and there is scope for further investigation.







**M-Mn (II)**

**Aknowledgement**

We aknowledge STIC, Cochin University of Science and Technology ,Cochin for the FT-IR,NMR,and CHN analysis datas and also the Department of Biotechnology and Microbiology, Kannur University for helping us in the anti microbial studies.

**References**

1.Mandlik PR, More M &Aswar A.S, Indian J Chem. 42. 1064(2003); Sharma V K, Shipra Srivastava&Ankita Srivastava, J Coord Chem. 59(12).1321 (2006)

2.Singh V P, Anshu Katiyar&Shweta Singh, Bio metals, 21. 491 (2008);Kanwar S S,Lumba K,Gupta S K,Katoch V M,Singh P,Mishra A K, Kalia S B, Biotechnol Lett,30. 677(2008)

3.Sheela A,Pramila Gladis M S and Harikumaran Nair M L,J Indian Chem Soc,84(2007)329.

4.Steifel E I, Prog inorg Chem ,22(1977)

5. Harikumaran Nair M.L& Prabhakaran.C.P, J Teach Res Chem,3(2), 25 (1996); Ahamed A Soliman, Saadia A Ali& Adel Orabi,Spectro Chim Acta PartA,65,841 (2006).

6.Harikumaran Nair M.L& Sheela A, Indian J.Chem, 47A9, 87(2008)
7.Gursoy, A.; Terzioglu, N.; Otuk, G. Synthesis of some new hydrazide-hydrazones, thiosemicarbazides and thiazolidinones as possible antimicrobials. *Eur. J. Med. Chem.* **1997**, *32*, 753-757.
8.Buu-Hoi, P.H.; Xuong, D1) Mandlik PR, More M &Aswar A.S, Indian J Chem, 42, 1064(2003); Sharma V K, Shipra Srivastava& Ankita Srivastava, J Coord Chem, 59(12),1321 (2006)
9.Kaymakçyoðlu K.B.; Oruç, E.E.; Unsalan, S.; Kandemirli, F.; Shvets, N.; Rollas, S.; Anatholy, D.Synthesis and characterization of novel hydrazide-hydrazones and the study of their structure - antituberculosis activity. *Eur. J. Med. Chem*, **2006**, *41*, 1253-1261.
10.Sah, P.P.T.; Peoples, S.A. Isonicotinyl hydrazones as antitubercular agents and derivatives for idendification of aldehydes and ketones. *J. Am. Pharm. Assoc.* **1954**, *43*, 513-524.
11.Bavin E.M.; Drain, D.J.; Seiler, M.; Seymour, D.E. Some further studies on tuberculostatic compounds. *J. Pharm. Pharmacol.* **1954**, *4*, 844-855.
12.Vogel A.I. A text book of Quantitative Chemical Analysis 5th edition(ELBS,Longman)1996.p.462
13.Dutta R L & Syamal A,Elements of Magnetochemistry,2nd Edn,(East West Press,New Delhi)1992,p.8.
14.9th Int NCCLS (National Committee for Clinical Laboratory Standards), performance standards for Antimicrobial susceptibility testing Suppl: M100-S9 (1999)
15.Tintu I,Dileep.K.V,Augustine.A,Sadasivan.C Chem BiolDrug Des 2012 Jun 12. doi: 10.1111/j.1747-0285.2012.01426.x.
16.Kilic A &Tas E ,Synth React Inorg Mretal-Org Nano-Metal Chem,37(2007)583
17.Prabhakaran.C.P &Harikumaran Nair M.L& J Indian Chem Soc, 75(1998)7
18.Mishra.A.P &Monika Soni- Metal based drugs(2008),doi 10.1155/2008/875410
19.Kazuo Nakamoto, Infrared and Raman Spectra of Inorganic and Coordination Compounds Part B; John Wiley &Sons, INC.PUBLICATION,Sixth Edition, Page 58(2009)
20.Murukan B &Mohanan K,J.ENZ Inhib Med Chem,22(1)(2006)1
21.Singh V P& & Singh A, Russ J Coord Chem, 34(5) (2008)374.
22.Singh N,Hingorani S,Srivastava J,Puri V&Agarwala B V,Synth React Inorg Met-Org Chem,22(1992) 1283.
23.Harikumaran Nair ML& Sheela A,Indian J Chem,47A(2008)87
24.Gupta S, Barik A K,Pal S, Hazra A, Roy S &Butcher R J,Polyhedron,26(2007)133;Sanyal G S,Ganguly R,Nath P K& Butcher R J,J Indian Chem Soc,79(2002)486.

25.Singh K, Agarwala B V & Naganagowda G A, Indian J chem, 35A (1996)66.
26.M.L.Harikumaran Nair &D.Thankamani, Indian J Chem48A(2009)1212

# AN ANALYTICAL STUDY ON OCCUPATIONAL STRESS OF SPECIAL EDUCATORS OF MENTALLY CHALLENGED CHILDREN

Reesha Karally & Dr. P. Usha

**Abstract**

The present study is an attempt to find out the extent of Occupational Stress among special educators of mentally challenged children. The sample consisted of 100 special educators belongs to seven districts across Kerala. Analysis of the data revealed that among the collected sample, 38 percentage show high stress and 46 percentage show moderate stress. Out of the four components of stress, organizational structure contributes more to special educators' occupational stress. The study suggests remedial measures such as Special Training Programme, Supportive Techniques etc to special educators who have high and moderate Stress.

**Introduction**

Stress is a universal human experience with both pleasant and unpleasant experience. Occupational Stress can be defined as the harmful physical and emotional responses that occur when the requirements of the job do not match the capabilities, resources or the needs of the worker (Kyriacou& Sutcliffe, 1978). Usually people are more worried about the outcome of their work that can even affect the way they treat other people and how they communicate with their colleagues. Occupational Stress can affect one's health when the

stressors of the work place exceed the employee's ability to have some control over their situation or to cope in other ways (French and Caplan, 1975).

The primary sources of Occupational Stress within an organization originate from four areas. These include task demands, physical demands, role demands and interpersonal demands. Role overload, role ambiguity, role insufficiency, role boundary, responsibility, physical environment, vocational strain, psychological strain, interpersonal strain, physical strain, social support, cognitive coping etc are the factors, which determine Occupational Stress.

**Need and Significance of the study**

Occupation could be the major area of stress creating circumstance. In any job there will be some amount of stress. It may vary from individual to individual and profession to profession (French and Caplan, 1975). In the present study the investigators attempted to find out the Occupational Stress of special educators of mentally challenged children. Mentally challenged children are different from normal children and also from other categories of special children in many aspects. Special educator is the person who is responsible for giving training to special children. As a teacher/trainer/educator of mentally challenged children, his/ her role may vary depending on the behavior of students and degree of severity of retardness. Comparing to normal children, teaching/training mentally challenged children are stressful. The special educator wants to play different role as a care taker, trainer, parentetc, there by the days become more and more stressful. From the earlier studies, (Beehr and Newman, 1978) it is clear that as far as work life is concerned extreme stress, there will be chance for the employees to withdraw from the job either Psychologically (disinterest or lack of involvement in the job), physically (frequent late coming, absenteeism etc) or leaving the job entirely.

**Variables of the study**

The present study is designed with Occupational Stress as the criterion variable. The classificatory variables selected for the present study is Length of Service

**Objectives of the study**

1. To find out the extent of Occupational Stress among special educators of mentally challenged children
2. To estimate Occupational Stress among special educators of mentally challenged children- component wise

3. To find out whether significant difference exist in the mean scores of Occupational stress among special educators based on their Length of service.

**Hypotheses of the study**

1. Occupational Stress level varies among special educators.,
2. There is significant difference in the mean scores of Occupational Stress based on the length of service of special educators

**Methodology**

**Sample**

The investigator adopted survey method for collecting the data. The present study was conducted on a sample of 100 special educators belonging to seven districts across Kerala. Simple random technique was adopted to collect the data.

**Tools used for the study**

The tool used for data collection was Scale of Occupational Stress, which is a five point scale prepared and standardized by Reesha&Usha (2012) for measuring the Occupational stress of special educators of mentally challenged children. It consists of 48 items including both positive and negative statements. Occupational stress includes 4 Different components viz., Organizational structure, professional training, interpersonal and professional interaction and instructional assignments and arrangements. Each component is represented by 12 items in the Occupational Stress scale. Responses can be made as always, often, sometimes, seldom and never.

Statistical Techniques

The collected data were analyzed by using the following statistical techniques.

1. Classificatory Technique
2. Percentage analysis
3. Mean Difference Analysis.

**Analysis and Interpretations**

**Classificatory Technique**

In order to find out the extent of Occupational Stress among special educators, classificatory technique was employed by taking mean and standard deviation as the determinants. By doing this the special educators can be grouped in to High stressed, Moderately stressed and Low stressed. The result revealed that that only 16 percentage special educators show less stress, 46 percentage show average and 38 percentage show high Occupational Stress

## Percentage Analysis

Percentage analysis was done to estimate the percentage score of each of the component of Occupational Stress. The percentage score of each of the component is given in table 1.

Table 1. Details of Occupational Stress among special educators-component wise

| Sl.No | Components | % score |
|---|---|---|
| 1 | Organizational structure | 16.86 |
| 2 | Professional training | 11.85 |
| 3 | Interpersonal and professional interaction | 12.58 |
| 4 | Instructional assignments and arrangements | 11.52 |

Table 1 reveals that out of the four components of Occupational Stress, organizational structure contributes much more to the Occupational stress of special educators which is followed by interpersonal and professional interaction. These two components constitute sub components such as professional responsibility, salary, job demands, opportunity for promotion, professional growth, administrative attitude, recognition for job (organizational structure) and feedback from authority, interaction with students, colleagues and parents (interpersonal and professional interaction). So these two major components and their sub components contribute much for Occupational Stress of special educators of mentally challenged.

**Mean Difference Analysis**

In this section, differences in mean scores of Occupational Stress among special educators based on Length of Service were calculated. For this two-tailed test of significance of difference was estimated.

Inorder to calculate the significant difference on the basis of Length of Service, the special educators were grouped in to two groups. Group 1 includes those having up to 5 years of teaching experience and group 2 includes those having above 5 years of teaching experience. The data and result are given in table 2.

Table 2. Data and result of t-test of Occupational Stress on the basis of Length of Service

| Classificatory Variable | | Mean | Standard Deviation | Total Sample | t- value | Level of Significance |
|---|---|---|---|---|---|---|
| Length of Service | Up to 5 years | 115.3 | 28 | 47 | 6.6 | Significant at 0.01 level |
| | Above 5 years | 157.7 | 34 | 53 | | |

From mean difference analysis it is clear that there exist a significant difference in Occupational Stress among special educators based on their length of service. As the length of services increases occupational stress also increases.

**Conclusion**

From the present study, it is clear that occupational stress is a challenge to special educators of mentally challenged children. Dealing with mentally challenged children is creating stress to their daily life. Measures should be taken to prevent stress in the schools and classrooms. There should be chance for recreational facilities in order to reduce the stress. The authorities should take necessary actions to reduce the stress The stress creating factors should be removed from workplaces. Special educators should be provided with strategies to reduce stress such as good working environment, better interpersonal relationships, good salary, support from authorities and parents, better attitude from authorities, provisions for job recognition and promotion, and sufficient teaching learning materials and other resources. In-service programmes and enrichment programmes should be given to them to strengthen their professionalism. Special educators themselves can develop effective coping strategies to channelize occupational stress

**References**

1.Beehr& Newman, J.E., (1978).Job Stress, Employee Health and Organizational Effectiveness: A Fact Analysis, Model and Literature Review. *Personnel Psychology*, 31, 665-669.
2.Chan, K.B. (2000). Work Stress among six Professional groups: the Singapore experience. *Social Science Medicine*, 50(10), 141-1432.

3.French &Caplan.(1975). Job Demands and Worker Health.*Journal of OrganisationalBehaviour*, 12, 96-608.
4.Kyriacou, C., &Sutchliffe, J. (1978). Teacher Stress Prevalence, sources and symptoms. *British Journal of community Dance and Research*.22(2).
*Senior Research Fellow, Department of Education, University of Calicut
*Associate Professor, Department of Education, University of Calicut

# നവകവിതയിലെ ആക്ഷേപഹാസ്യം

ഡോ. രാജശ്രീ എം.
മലയാള വിഭാഗം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്-18

നമ്പൂതിരിഫലിതങ്ങൾ, മാപ്പിളഫലിതങ്ങൾ, നർമ്മഭാവം നിറഞ്ഞ നാടൻ പാട്ടുകൾ, പ്രാസപ്രയോഗം നിറഞ്ഞ പഴഞ്ചൊല്ലുകൾ എന്നിങ്ങനെ ഹാസ്യപാരമ്പര്യത്തിന്റെ കാര്യത്തിൽ സമ്പന്നരാണ് മലയാളികൾ. ഹാസ്യത്തിന്റെ ഉന്മേഷവും ജനപ്രിയതയും സാമൂഹിക പ്രയോജനകരമായ മൂല്യമായി പരിവർത്തനപ്പെടുത്താമെന്ന് കുഞ്ചൻ നമ്പ്യാർ തെളിയിച്ചു. നവോത്ഥാന കാലഘട്ടത്തിൽ ദേശാഭിമാനത്തിന്റെയും ജാതിവിരോധത്തിന്റെയും ആത്മവിശ്വാസത്തിന്റെ ശക്തിജ്വാലയിൽ അപ്രസക്തമായ ഹാസ്യം സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ മൂല്യച്യുതി സൃഷ്ടിച്ച വ്യഥയുടെയും ക്രോധത്തിന്റെയും ആത്മാവുള്ള കറുത്തചിരിയായി ആധുനികതയിൽ തിരിച്ചുവരുന്നു. ജീവിതസ്പർശമില്ലാത്ത കാല്പനികതയുടെ അതിഭാവുകത്വത്തെ എതിർക്കാൻ വിരുദ്ധഭാവസംയോജനം, വിചിത്ര വിശേഷണങ്ങൾ, വിചിത്രഭാഷാസങ്കരം തുടങ്ങിയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയ എൻ.വി.യിലൂടെ പ്രോദ്ഘാടനം ചെയ്യപ്പെട്ട ഈ പ്രസ്ഥാനം എം. ഗോവിന്ദൻ, കടമ്മനിട്ട, എൻ.എൻ. കക്കാട്, അയ്യപ്പപ്പണിക്കർ തുടങ്ങിയവരിലൂടെ സമകാലീന സമൂഹത്തിലെയും രാഷ്ട്രീയത്തിലെയും അഴിമതിയുടെയും മൂല്യച്യുതിയുടെയും ആവിഷ്ക്കാരമായി വികാസം പ്രാപിച്ചു.

തനിക്കു ചുറ്റുമുള്ള വിഭ്രാത്മകവും ഭീതി ദവുമായ പരിസരങ്ങൾക്ക് ആക്ഷേപഹാസ്യത്തിന്റെയോ പാരഡിയുടെയോ ഐറണിയുടെയോ ഭാഷ്യം നൽകുന്ന ആധുനികാനന്തര കവികൾക്ക് ഹാസ്യം ആധുനികതയ്ക്കപ്പുറവും ഭാവാവിഷ്ക്കാരത്തിനുള്ള വിഭിന്ന മാർഗ്ഗങ്ങളിൽ ഒന്

മാത്രമല്ല. അതിലുറച്ചു നിൽക്കുന്ന ഇവർക്ക് ലക്ഷ്യവും മാർഗ്ഗവും (വിധിയും, ശാപവും) ഒക്കെത്തന്നെയാണ്. ഇതുമൂലം ഒരേകതാനതയും ആസ്വാദകരെ സംബന്ധിച്ച മുൻവിധിയും പേറേണ്ടി വന്നു എന്ന പരിമിതിയുണ്ട്. സംശയവും ആകാംക്ഷയും നിറഞ്ഞ ചുറ്റുപാടിൽ കൃത്യമായി ഒന്നിലും ഉറച്ചുനിർത്താനാവാത്ത സൂചകങ്ങളും തുടർച്ചയില്ലായ്മയും ജനിക്കുകയാണ്. അവയിലൂടെ കടന്നുപോകുമ്പോൾ ഭാഷ ലോകത്തെ പ്രതിബിംബിക്കയല്ല, സൃഷ്ടിക്കുകയാണെന്ന് കാണാനാവും. തന്മൂലം ഈ കവിതകളിലെ ഇരുണ്ട ഹാസ്യത്തിന്റെ ധർമ്മം പ്രതിഫലനമല്ല, സൃഷ്ടിതന്നെയാണ്.

തൊണ്ണൂറുകളുടെ ആരംഭം മുതൽക്കെഴുതപ്പെട്ട കവിതകളാണ് പൊതുവെ പുതുകവിതയുടെ ഗണത്തിൽപെടുത്താറുള്ളത്. കഴിയുന്നത്ര വ്യത്യസ്തതയും വൈവിദ്ധ്യവും പുലർത്തുന്നതാണ് ഇവരുടെ സ്വരങ്ങൾ. വർഗ്ഗം എന്ന സാമൂഹിക സംവർഗ്ഗത്തിനു പകരം വംശം, ജാതി, ലിംഗം, എന്നീ ജന്മകേന്ദ്രീകൃത ഗണം, ദേശീയതക്ക് പകരം പ്രാദേശികത, പാരിസ്ഥിതികാവബോധം, ഇതര സ്വത്വബോധം തുടങ്ങിയവയൊക്കെ ആധുനികതയിൽ നിന്നും വ്യത്യസ്തമായി പുതുകവിതയിൽ കാണുന്ന സവിശേഷതകളാണ്. റിയലിസം, മോഡേണിസം തുടങ്ങിയ കള്ളികളെയെല്ലാം വെറുക്കുന്ന ഇവർ കാലിക പ്രാധാന്യം നേടിയ ആധുനികോത്തരം, അപനിർമ്മാണം തുടങ്ങിയ പദാവലികളെയെല്ലാം ശിഥിലമാക്കുന്നതു കാണാം. ഒട്ടും വൈകാരികതയില്ലാതെ ആത്മപരിഹാസത്തിന്റെയോ കേവലനിരാസത്തിന്റെയോ വഴി സൗകര്യം പോലെ സ്വീകരിച്ച് കവിതയുടെ ഉള്ളടക്കം, രൂപം എന്നിവയെ സംബന്ധിച്ച യാഥാസ്ഥിതിക ധാരണകളെ കടന്നാക്രമിക്കുന്ന രചനകൾ എന്ന് എൻ. പ്രഭാകരൻ പുതുകവിതകളെ വിശേഷിപ്പിക്കുന്നു. (മൗനത്തിന്റെ മുഴക്കങ്ങൾ - എൻ. പ്രഭാകരൻ) ഈ വിശേഷണം അന്വർത്ഥമാക്കുമാറ് പ്രതികവിത എന്നോ അധികവിത എന്നോ പറയാവുന്ന തരത്തിൽ ആക്ഷേപഹാസ്യം നിറഞ്ഞ പാരഡികൾ പുതുകവിതയിൽ മുഖ്യസ്ഥാനം പിടിക്കുന്നു. മുൻകവികളിൽ നിന്നും വിഭിന്നമായി അവരുടെ പാരഡി രചനകൾ മൂലരൂപമാതൃകകളെയും, മൂലധാരണകളെയും ഒരേ സമയം ശിഥിലമാക്കുന്നു.

ആധുനികോത്തരാവസ്ഥയുടെ സ്വഭാവവിശേഷങ്ങൾ ആദ്യമായി സമചിത്തതയോടെ പ്രകടിപ്പിച്ച കവിയാണ് പി.പി. രാമചന്ദ്രൻ. മാമ്പഴക്കാലം, ഉത്തരകാലം, തെങ്ങുമൊഴി തുടങ്ങിയ രാമചന്ദ്രന്റെ കവിതകൾ പുതുകാലത്തെ വിമർശനാത്മകമായി അടയാളപ്പെടുത്താനുള്ള ശ്രമങ്ങളായിരുന്നു.

മാമ്പഴക്കാലത്തിലെ-
"പറയൂ നാട്ടിൻ പുറ
ത്തുള്ള മാങ്ങകൾക്കെല്ലാം
രുചിയീ മാംഗോ ഫ്രൂട്ടി
യ്ക്കുള്ള പോലെയാണോ?"

എന്ന ചോദ്യം യാഥാർത്ഥ്യത്തെ തിരിച്ചറിയാൻ പകർപ്പുകളെ ആശ്രയിക്കുന്ന സംസ്കാരപരിസരത്തിലേക്കാണ് ശരം ഉതിർക്കുന്നത്. 'ഉത്തരകാലം' (1998) എന്ന കവിതയിൽ വാക്കുകൾ റബ്ബറുറയിട്ട കാരണം അർത്ഥഗർഭങ്ങളെ പേടിച്ചോടേണ്ടതില്ലാതായിരിക്കുന്നുവെന്ന് ചിരിക്കുന്നതോടൊപ്പം കേവലശബ്ദം ധരിച്ച പുതിയഭാഷ ജീവനെ തൊടില്ലെന്ന വാസ്തവവും ഓർമ്മിപ്പിക്കുന്നുണ്ട്.

ഉള്ളം ചുട്ടുവിളിക്കുമ്പോഴും പഴയ മട്ടിൽ വരുന്ന വാക്കുകളെ

"വാക്കുകളേ
വരിക
വിക്കിയും വിറച്ചും മുടന്തിയും
തെരുവുതെണ്ടികളെപ്പോൽ
പൊട്ടിയും ചീറ്റിയും
അലമുറയിട്ടും
പെരുങ്കടലലകൾ പോൽ"

എന്നു വിളിക്കുന്ന രാമചന്ദ്രൻ മാറാൻ കൂട്ടാക്കാത്ത കവിതാസങ്കല്പത്തോട് നിരന്തര കലഹത്തിലാണ്.

"വൈദ്യുതി ബോർഡ്!
വളവിലും തിരിവിലും
വഴികാട്ടിയായ് നിന്ന
കമ്പിക്കാലുകളേ
ജാതിഭേദം മതദ്വേഷമില്ലാത്ത
ജ്ഞാനവിദ്യുത്പ്രവാഹമേ" (വിട)

എന്നു തീക്ഷ്ണമായി പരിഹസിക്കുന്ന രാമചന്ദ്രൻ സ്വന്തം കാവ്യസങ്കല്പങ്ങളെ നവീകരിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധയും പരിഹാസവും അദ്ദേഹത്തെ സമകാലീനമലയാള കവിതയിലെ ശ്രദ്ധേയശബ്ദങ്ങളിൽ ഒന്നാക്കി മാറ്റിയിരിക്കുന്നു. സാമൂഹ്യാനുഭവങ്ങളുടെ ശകലീകരണം, സമകാലീന രാഷ്ട്രീയത്തിലും കലയിലുമുള്ള അന്തസ്സാരശൂന്യത, യാഥാർത്ഥ്യത്തിന്റെ സ്ഥാനം പ്രതീതികൾ കയ്യടക്കുന്ന അവസ്ഥ തുടങ്ങിയ സമകാലീന പ്രശ്നങ്ങളെല്ലാം വ്യത്യസ്തരീതിയിൽ ആവിഷ്ക്കരിക്കപ്പെടുന്നു രാമചന്ദ്രന്റെ കവിതയിൽ. ജീവിതത്തെയും സാഹിത്യത്തെയും ഗ്രസിച്ചു നില്ക്കുന്ന പാരമ്പര്യാവബോധത്തെ തട്ടിത്തെറിപ്പിക്കാനാണ് കെ.ആർ. ടോണി മുഖ്യമായും പാരഡിയുടെ രീതി സ്വീകരിക്കുന്നത്. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, പൂന്താനം തുടങ്ങിയവരുടെ കാവ്യമാതൃകകളെയെല്ലാം അനുകരിക്കുക വഴി പ്രതികവിതയെന്ന പ്രതീതിയാണ് ടോണിയുടെ കവിതകൾക്കുള്ളത്.

"ബോധമില്ലാതെ നടക്കുമവസ്ഥയ്ക്കു
മീതെയായ് സംയമമെന്തുണ്ടു ഭൂമിയിൽ"
"ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടുള്ളതാണദ്വൈതദർശനം"

"ഇന്നലെയോളമെന്തെന്നറിഞ്ഞീല
നാളെയെന്താണെന്നറിയുകയും വേണ്ട"

പി. ഇടശ്ശേരി, എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയവരെ ഒരേ സമയം അനുകരിച്ചു കൊണ്ടുള്ള 'അന്ധകാണ്ഡ'ത്തിലെ ഈ മിശ്രശൈലിയിലെ ബഹുസ്വരത കവിതയിലെയും ജീവിതത്തിലെയും ആദർശവത്കരണത്തിന്റെ പരമ്പരാഗത പിതൃരൂപങ്ങളെ പൊളിച്ചെഴുതുകയാണ്.

"ഉപ്പു നോക്കാൻ പോലുമാനന്ദമില്ലാത്തൊ-
രിപ്പാപി കൂലിക്കു പേശുന്ന ഭാഷയ്ക്കു-
മപ്പനുണ്ടെന്നു പറയുന്ന കോവിദാ
അല്പത്വമിത്രയ്ക്കു മൂത്താൽ ചിതം വരാ"

(ഒരു പ്രതിസാഹിത്യ വിചാരം)

പാരമ്പര്യത്തെ പൈതൃകം എന്നും പറഞ്ഞ് ലേബലൊട്ടിച്ച് അതിന്റെ അടിസ്ഥാനത്തിൽ മൂല്യവിചാരം നടത്തുന്നതിനോടുള്ള കവിയുടെ കർശനമായ എതിർപ്പാണ് ഈ വരികളിൽ. സംസാരഭാഷയ്ക്കു പോലും പിതൃത്വം അന്വേഷിക്കുന്നതാണല്ലോ നമ്മുടെ പാരമ്പര്യം.

"ഈയെനിക്കാസ്വദിക്കാൻ കഴിയില്ലെങ്കിൽ
നീയൊക്കെ കാവ്യമെഴുതുന്നതെന്തിനാ?
ഈയെനിക്കാശ്വാസമേകുകയില്ലെങ്കിൽ
നിന്റെ പ്രതിരോധപാഠങ്ങളെന്തിനാ?"

(ഒരു പ്രതിസാഹിത്യ വിചാരം)

എന്നു ചോദിക്കുന്ന കവിയ്ക്ക് ജീവിതവും സാഹിത്യവും അഭിന്നമാണ്. പല രൂപത്തിലും നമ്മെ പിന്തുടരുന്ന പാരമ്പര്യബോധം ജീവിതത്തിൽ നിന്നും സാഹിത്യത്തിൽ നിന്നും ബഹിഷ്കൃതരാക്കി നിർത്തിയവരുടെ പക്ഷത്തു നിന്നാണ് കവി ഈ ചോദ്യമുയർത്തുന്നത്.

'സഞ്ചി' എന്ന കവിതയിലും സഞ്ചിതസംസ്ക്കാരം എന്ന പ്രയോഗം മുന്നോട്ടുവെയ്ക്കുന്ന സംസ്ക്കാര സംരക്ഷണവും വാഹകത്വവും പരിഹസിക്കപ്പെടുന്നു.

"എത്രയോ ജീവിതായോധന മണ്ഡല
ദർശനങ്ങൾ തരുന്നു നീ സഞ്ചീ
നിന്നെത്തൊഴുതു ഞാനെൻ സഞ്ചീ
എന്നെ ഞാനാക്കുന്നു സഞ്ചീ"

എന്നിങ്ങനെ പരിഹാസം മുന്നോട്ടു പോകുന്നു.

പാരമ്പര്യബോധം, ഭക്തി, ജീവിതത്തിലെ സർവ്വമേഖലകളിലുമുള്ള മനോഭാവങ്ങളെയെല്ലാം ആശ്രിതത്വം, ഒതുങ്ങിക്കൂടൽ തുടങ്ങിയ മനോഭാവങ്ങളെയെല്ലാം അതിശയോക്തി, ന്യൂനോക്തി, വിരുദ്ധോക്തി, വ്യാജോക്തി തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ ടോണി പരിഹസിച്ചുകൊണ്ടിരിക്കുന്നു. തിരശ്ചീനമായ ആട്ടത്തിലും ലംബമായ നോട്ടത്തിലും ഊന്നുന്ന 'ആട്ടം-നോട്ടം' എന്ന കവിതയിൽ ഉത്തരാധുനികത മൊത്തത്തിൽ തന്നെ പാരഡി ചെയ്യപ്പെടുന്നു. ഭക്തി തന്നെ ചിലർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കവെ

"എന്നെ ഞെരുക്കുവിൻ കള്ളിമുൾക്കൂട്ടമേ
കാരമുള്ളേ കാത്ത് കണ്ണിൽക്കയറുവിൻ
ഇല്ലിമുള്ളേ പള്ള കീറിപ്പൊളിക്കുവിൻ"
(ഭക്തിയോഗം)

എന്നായി പ്രാർത്ഥന തലതിരിയുന്നു.

"ദുഃഖം പറയുവാൻ പാടില്ല
സന്തോഷമെന്തെന്നറിയില്ല
സന്തോഷെന്നാണെന്റെ നാമ, മതിട്ടവൻ
തന്തയ്ക്കുണ്ടായവനാവില്ല" (സങ്കി)

എന്നും

"ടാഗോറിന്റെ കണ്ണിൽ നിന്നും എന്തോ ഒരാവരണം
ഒരിക്കൽ വീണുപോയത്രേ
പിന്നെ പ്രപഞ്ചം മുഴുവൻ
പുതിയ വിധത്തിൽ കാണാറായത്രേ
എന്റെ കണ്ണിൽ ഇപ്പോഴും പാടയുണ്ട്"
(കർത്തൃത്വത്തിന്റെ മരണം)

എന്നുമെല്ലാം എഴുതുന്ന ടോണിയിൽ ദോഷൈകദർശനം സാർവത്രികമായുണ്ടെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. വല്ലപ്പോഴും തലപൊക്കുന്ന സമാധാനം പോലും ഈ കവിയ്ക്ക് 'മരിച്ചപോലൊരു മനഃസ്സമാധാന'മാണ്. മുഖ്യധാരയിലോ പാർശ്വവത്കൃതധാരയിലോ പെടാത്ത മധ്യവർത്തിയുടെ ഏകാന്തസങ്കടങ്ങളും മാനസിക സംഘർഷങ്ങളുമാണിവ. അത്രമേൽ ക്രൂരവും ഗതികെട്ടതുമായ ലോകത്ത് തോറ്റപാട്ടിന് തോറ്റം പാടേണ്ട സ്ഥിതിയിലാണ് കവി. (തോറ്റ(ം)പാട്ട്). ശ്രീ ശ്രീ രവിശങ്കറോ കാഞ്ചിമഠാധിപ സ്വാമികളോ അല്ലാത്ത സാധാരണക്കാരനായ ഒരാൾക്ക് ആശ്വാസം.

"ഒമ്പതു പെഗ്ഗൊരു നിൽപിനു തീർക്കാം
എന്നെക്കൊണ്ടതിനെങ്കിലുമാകും" (തോറ്റ(ം)പാട്ട്)

എന്നതാണ്. സാമൂഹികവിമർശനത്തിലധിഷ്ഠിതമായ തുള്ളലിന്റെ രൂപം ഇവിടെ ഏറെ ഫലപ്രദമായി തീർന്നിരിക്കുന്നു.

ഉണരലും ഉറങ്ങലും ഭക്ഷണം കഴിയ്ക്കലും പോലെ വളരെ സ്വാഭാവികമായി ചെയ്യുന്ന പ്രവൃത്തിയാണ് ടോണിയ്ക്ക് എഴുത്ത്.

"മുപ്പത്തിയഞ്ചര കടന്നു വയസ്സു, ഭാരം
നാൽപ്പത്തിയൊൻപതുകിലോ, അടിയാറുപൊക്കം
കുമ്പിട്ടെണീക്കെയുളവാം നടുനൊമ്പരം സ്വ-
സമ്പത്തു-വീടിന്നധികാരിയതപ്പനല്ലോ" (കുറുക്കങ്കുന്ന്)
"നേരം വെളുത്തു വെറുതെ പകലായി കാകൻ
കാറിപ്പറന്നു തലപൊക്കിയെണീറ്റു ഞാനും
വേറൊന്നുമില്ല പണിയായതുകൊണ്ടു മന്ദം
തൂറിക്കുളിച്ചു മുടിചീകിയണിഞ്ഞിറങ്ങി" (കുറുക്കങ്കുന്ന്)

എന്നൊക്കെ സംസ്കൃതഛന്ദസ്സിൽ ഊന്നിയ പഴയ ആഖ്യാനസങ്കേതങ്ങൾ

പുതിയ സന്ദർഭത്തിൽ സങ്കോചലേശമെന്യേ അവതരിപ്പിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്. നൃണാം, ചിതാവലാ, ഉരച്ചാൻ, ഭുവി, ചേതസി തുടങ്ങിയ പരമ്പരാഗതപ്രയോഗങ്ങളും സായനം, സ്നുതം, ജംബൂകം തുടങ്ങിയ ആഢ്യസംസ്കൃതപ്രയോഗങ്ങളും സാർവ്വത്രികമായ പ്രാസപ്രയോഗങ്ങളും പരമ്പരാഗത കാവ്യഛന്ദസ്സുകളുമെല്ലാം കൊണ്ട് നിയോക്ലാസിക്-മധ്യകാല കാവ്യസംസ്കാരമാണ് സാർവത്രികമായി ടോണിക്കവിതയിൽ പാരഡി ചെയ്യപ്പെടുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

"തത്ര കവിത്വം കളവായിത്തീരാ-
ത്തത്ര മതി ധ്വനിയെന്നിക്കാലം" (തോറ്റ(ം)പാട്ട്)

എന്നതിനാൽ പഴയ കാഴ്ചപ്പാടുകൾ സർവ്വത്ര ഉപേക്ഷിച്ചു വേണം വിലയിരുത്തൽ എന്ന് കവി സൂചിപ്പിക്കുന്നുണ്ട്.

"എനിയ്ക്കിവിടെ സുഖം തന്നെ
വയറിളക്കവും ഛർദ്ദിയുമാണ്
കാലാവസ്ഥ കൊള്ളാം
കൊടും വരൾച്ചയാണിപ്പോൾ
ഞാനിപ്പോൾ പണ്ടത്തെപ്പോലെയൊന്നുമല്ല
പണ്ട് വരുമാനമുണ്ടായിരുന്നു
കുടുംബത്തിനും ക്ഷേമം
ഭാര്യയ്ക്ക് ചെന്നിക്കുത്തും
മകന് നിലങ്കാരിച്ചുമയും കഴിഞ്ഞ നേരമില്ല
അച്ഛൻ ഉഷാറാണ്
അതേ കിടപ്പ് തുടരുന്നു" (ഉശിരൻ)

"അവൾ പറഞ്ഞു - എനിക്ക് അധികം മൊരിയാത്ത
മീനാണിഷ്ടം - ഏതാണാ കെട്ടിടം?
പാർലമെന്റ് മന്ദിരമാണെന്നാ തോന്നുന്നേ
നിനക്ക് ചിക്കൻ ഇഷ്ടപ്പെട്ടോ
ഇതു തീരെ മൂക്കാത്ത കോഴിയാണ്
ബാലപീഡനം പോലെ
ചുമ്മാ തിന്നാം - പാർലമെന്റോ, ബാബറിമസ്തിജോ
ഇറച്ചിയിൽ മികച്ചത് ബീഫു തന്നെ"
(മരുഭൂമികൾ ഉണ്ട(യ)ാവുന്നത്)

ഐറണി പരസ്പരവിരുദ്ധമായ ഇരട്ടശബ്ദാഖ്യാനമാണ് ഇവിടെയെല്ലാം മൊഴിവഴക്കത്തിലൂടെ നിറയ്ക്കുന്നത്. ഇത്തരത്തിൽ പരസ്പരവിരുദ്ധമായ മൊഴിവഴക്കത്തിലൂടെ മരുഭൂമികൾ ഉണ്ട(യ)ാവുന്നത്, രണ്ടറ്റത്തും തീകൊളുത്തുന്ന രീതി തുടങ്ങിയ പല കവിതകളിലും ടോണി കിടപ്പ്-ഇരിപ്പ്, ഇൻ-ഔട്ട് ഉപയോഗപ്പെടുത്തുന്നുണ്ട്.

"അമ്മയുടെ നില ആശങ്കാജനകം പോലുമല്ല
കുളി കഴിഞ്ഞുവന്ന്
നെഞ്ഞത്തെതോർത്ത്
ആണിയിൽ തൂക്കുന്ന നേരത്ത്

നെഞ്ചിൽ ഒരു പിടുത്തം തോന്നുന്നുവെന്നു പറഞ്ഞു ഞാൻ വിചാരിച്ചത്

തോർത്തുമുണ്ട് ആണിയിൽ
കൊളുത്തിപ്പിടിച്ചുവെന്നാണ്" (ഉശിരൻ)

ഇത്തരത്തിൽ ഭാഷയുടെ ടിസ്റ്റിങ്ങ് പരമാവധി പ്രയോജനപ്പെടുത്താൻ ടോണിക്ക് നല്ല വൈദഗ്ദ്ധ്യമുണ്ട്.

"ആത്മാവിനെക്കാൾ പരമാർത്ഥമായുള്ള
തുപ്പുമാവെന്നറിക സഹോദരാ"
"ഒറ്റനിമിഷം തഡിദ്ഘാതമൈഥുനം
ഭൂമി മൂർച്ഛിച്ചു മരിച്ചു വിളക്കുകൾ
മന്ദം സ്ഖലിച്ചന്ധകാരമൊഴുകുന്നു
പേന കാണാനില്ലെഴുത്തു നിർത്തട്ടെ ഞാൻ"

ഇവിടെയെല്ലാം അവസാനവരിയിലെത്തുമ്പോഴേയ്ക്കും കാലം, ദേശം, ആശയം, ആഖ്യാനം എന്നിവയെല്ലാം സമർത്ഥമായി പൊളിച്ചെഴുതുകയാണ് - ഡികൺസ്ട്രക്റ്റ് - ചെയ്യുകയാണ് കവി. ആധുനികരുടെ പാരഡി ആശയത്തിന്റെ പൊളിച്ചെഴുത്താണ് നടത്തുന്നതെങ്കിൽ ഇവിടെ ആശയത്തോടൊപ്പം ഭാഷ കൂടി തകർക്കപ്പെടുകയാണ്.

'ഉങ്ങ്' എന്ന കവിതയിൽ കറുത്ത ഹാസ്യത്തിന്റെ പ്രത്യക്ഷമായ ആവിഷ്ക്കാരം കാണാം.

"ഒരു മരക്കവിതയെഴുതണമെന്ന്
വളരെക്കാലമായി വിചാരിക്കുന്നു
തീരെ നേരം കിട്ടിയില്ല
ഇപ്പോൾ എഴുതുകയാണ്"

എന്നു തുടങ്ങുന്ന കവിത

"ഉങ്ങ് ഒരു സംസ്ക്കാരമാണ്
അതിന്റെ തായ്ത്തടി നല്ല വണ്ണമുള്ളതാണ്
മുറിച്ചു വിറ്റാൽ നല്ല വില കിട്ടും."

എന്നായി മാറുമ്പോൾ വനസംരക്ഷണം, വൃക്ഷാരാധന തുടങ്ങിയ ആദർശങ്ങൾ അട്ടിമറിയ്ക്കപ്പെടുകയാണ്.

'വന്ദ്യവയോധികനായ കുമാര-
പ്പിള്ള സാറേ മാപ്പുതരില്ലേ
കണ്ണീർക്കുടമേ സുഗതകുമാരീ
കണ്ണക്കവിതകളെഴുതുന്നോരേ" (തോറ്റ(ം)പാട്ട്)

എന്നൊക്കെ എഴുതുന്ന ടോണിയുടെ കവിതയിൽ ആത്യന്തികമായി പാരഡി ചെയ്യപ്പെടുന്നത് ഛന്ദസ്സു തന്നെയാണ്.

ആവർത്തനവിരസതയുടെ അപകടം ഒഴിവാക്കാൻ കഴിയുന്നത്ര സൂക്ഷ്മമായി ആക്ഷേപഹാസ്യത്തിന്റെ പാത സ്വീകരിച്ച കവിയാണ് ഏ.സി. ശ്രീഹരി. ജനപ്രിയ സംസ്ക്കാരത്തിന്റെ അന്തർധാര ഈ കവിയുടെ മിക്ക രചനകളിലും കാണാം. റേഷൻ സബ്സിഡി വെട്ടിക്കുറയ്ക്കുമ്പോഴും മുണ്ടുമുറുക്കിയുടുത്ത് ദിവാസ്വപ്നം

കാണുന്നവർക്കെതിരെയുള്ള രോഷമാണ് 'പോടാ, മോനേ ദിനേശാ' എന്ന കവിത.

'അടുത്ത അവതാരത്തിനായി
അടിയങ്ങൾ കാത്തിരിക്കുകയാണ്
സംഭവിക്കാതിരിക്കുകയില്ലല്ലോ
യുഗേ യുഗേ!"

നാവും നട്ടെല്ലും നഷ്ടപ്പെട്ടവരുടെ ദാസ്യം ശക്തമായി പ്രതിഫലിപ്പിക്കുന്നുണ്ട് 'അടിയങ്ങൾ' എന്ന പദം.

ആറ്റൂർ രവിവർമ്മയുടെ 'ഓട്ടോവിൻ പാട്ടി'ന്റെ ഈണവും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'എവിടെ ജോൺ'? എന്ന ശീർഷകവും കൂടിച്ചേരുന്നതാണ് 'എവിടെ ലോൺ' എന്ന കവിത. മംഗലശ്ശേരി നീലകണ്ഠൻ എന്ന കഥാപാത്രം ജനപ്രിയ സിനിമയിലെ നായകകഥാപാത്രത്തെക്കൂടി സ്മരണയിലുണർത്തുന്നു.

"പകൽവെട്ടം പോലയെല്ലോ
നാട്ടുകാരും വീട്ടുകാരും
കെട്ടിയോളും കുട്ടികളും
കല്ലെറിഞ്ഞു
ലോണു വാങ്ങാത്തോരു മാത്രം
കല്ലെറിഞ്ഞാൽ മതിയെന്ന്
നിലവിളിപ്പൂ നീലകണ്ഠൻ"

എന്ന നിർവികാരതയിൽ കവിത അവസാനിക്കുന്നു. കവിയുടെ വീല്പാടുകൾ, വായനാവികൃതി, കുടുംബം, സ്വത്ത്, ഭരണകൂടം തുടങ്ങിയ കവിതാശീർഷകങ്ങൾ പ്രഖ്യാത രചനകളെ ഓർമ്മയിലെത്തിക്കുന്നു. പ്രേമലേഖനത്തിൽ ബഷീറിന്റെ പ്രേമലേഖനത്തെ തലകീഴായ് മറിച്ചുകൊണ്ട് യൗവനതീക്ഷ്ണവും പ്രേമസുരഭിലവുമായ അസുലഭഘട്ടം വൃദ്ധസദനാത്മകവും നിരാശാഭരിതവുമായി പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ആകാശമിഠായിയുടെ മക്കളെ ഏതു സമുദായത്തിൽ ചേർക്കണമെന്ന തീരുമാനം സാമ്പത്തിക സംവരണം കഴിഞ്ഞിട്ടാവാം എന്നു പറയുന്നിടത്ത് പ്രേമലേഖനം സമകാലികമാവുന്നു. ജനപ്രിയ സിനിമയിലെ നായികാനായകന്മാരുടെ സവർണ്ണപ്പേരുകൾക്ക് മുൻഗണന കൊടുക്കുന്നതോടെ ആകാശമിഠായി ഉണ്ടാക്കിയെടുത്ത മതേതരസംസ്കാരവാദം പൊളിഞ്ഞു വീഴുന്നു.

'ഉത്തര' എന്ന കവിതയിൽ ഉത്തരാസ്വയംവരം എന്ന ആട്ടക്കഥ ആധുനികോത്തര സ്വയംവരം ആയി പരിവർത്തിക്കപ്പെടുന്നു.

"തൊണ്ണൂറുകളുടെ 2-ാം പകുതിയിൽ
ആധുനികോത്തരാസ്വയംവരം നടന്നു
പക്ഷേ കർ/ഭർത്താവു മരിച്ചു
നോവൽ നാടകം ചെറുകഥ സിനിമ തുടങ്ങിയവ
സഹോദരസ്ഥാപനങ്ങളാണ്
മക്കൾ ഫൂക്കോ ദെറിദ"

ആധുനികോത്തര വിമർശനസിദ്ധാന്തങ്ങൾ ഇവിടെ പരിഹസിക്കപ്പെടുന്നു. 'നിങ്ങളെന്നെ (പോസ്റ്റ്) മോഡേണിസ്റ്റാക്കി'യിൽ പി.യുടെ 'സൗന്ദര്യപൂജ'

"റോട്ടുവക്കിൽ പൈപ്പുപൊട്ടി
തുള്ളും വെള്ളം തെറിക്കവെ
കേബിൾച്ചാലുകളിൽ വെർച്വൽ
ഉറവെള്ളമൊലിക്കയായ്"

എന്നിങ്ങനെ കാലത്തിനനുസരിച്ച് കോലം മാറുന്നു. ഇതിലെ

"ഐജാസഹമദിൻ കൂടെ
വി.സി. ശ്രീജൻ ഗമിക്കവെ
ഗട്ടറിൽ കാറ് താഴുന്നു
ന്യായം പോസ്റ്റ് മുടന്തനാം"

എന്നീ വരികൾ പാശ്ചാത്യസിദ്ധാന്തങ്ങൾ പ്രയോഗതലത്തിൽ ദയനീയ പരാജയമടയുന്ന കാഴ്ച കാണിച്ചുതരുന്നു. ഭാവുകത്വപരമായി അയ്യപ്പപണിക്കരുടെ പിന്തുടർച്ചയാണ് എൽ. തോമസുകുട്ടിയുടെ കവിതകൾ. ഛെ, ക്ഷ-റ, കാക്ക ശ്ശെ! തുടങ്ങിയ വ്യാക്ഷേപകങ്ങൾ കവിതാശീർഷകമായി ഉപയോഗിക്കുന്നതിലൂടെ കവിതയെ സംബന്ധിച്ച മുൻധാരണകൾ തകർത്തുകൊണ്ട് ഭാഷാപരമായ ഉത്കണ്ഠ വെളിപ്പെടുത്തുകയാണ് കവി. ചരിത്ര സാമൂഹ്യസദാചാരനാടകമായ സിവിൽ വിജയത്തിൽ സി.വി. എന്നീ രണ്ടക്ഷരങ്ങളുടെ സമകാലികസാധ്യതകൾ കൂടി ഉൾപ്പെടുത്തുന്നുണ്ട്.

"സിംഹം കൊഴിഞ്ഞൊരു പല്ലാണു ഞാൻ"

എന്നത് സിംഹത്തിന്റെ പോരാട്ടവീര്യം നഷ്ടപ്പെട്ട് പുഴുവിനെപ്പോലെ ഇഴയുന്ന പുതുതലമുറയുടെ വാക്കുകളാണ്.

ഭാഷാധിനിവേശത്തെ ആവോളം കളിയാക്കുന്ന രചനയാണ് 'ജ്ഞാനമുത്തുമാല'.

"കുളിച്ചാൽ
കൊക്കാകില്ലെന്നും
ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയാവില്ലെന്നും
നമ്മൾ
പറഞ്ഞൊതുക്കിയ കാക്ക"

എന്നീ വരികൾ ഭാഷ, ദേശം, ജനത തുടങ്ങിയവയുടെ അന്യവത്കരണത്തെ കുറിക്കുന്നു. 'കേരള കോം ആളി' എന്ന കവിതയിൽ

"കാ അതിലോ ഇല്ല
നല്ല തീയാളി
ഉച്ചടർന്ന പരിചയാണൊരുവൻ
കോമാളി
അല്ല കോം
ആളാതൊൻ"

എന്ന് കുളക്കടവുമാറി മോണിറ്ററിന്റെ പശ്ചാത്തലത്തിലേയ്ക്ക് സന്ദർഭം മാറുമ്പോൾ 'കാതിലോല നല്ലതാളി'യ്ക്ക് വരുന്ന അർത്ഥവ്യതിയാനങ്ങൾ

വെളിപ്പെടുത്തുന്നു. കോമാളി എന്നത് 'കോം ആളി' എന്ന് പദവിഭേദനം ചെയ്യപ്പെടുന്നു.

റഫീക്ക് അഹമ്മദിന്റെ 'ഗ്രാമവൃക്ഷത്തിലെ വവ്വാൽ', രൂപേഷ് പോളിന്റെ 'നാപികിനുകളെക്കുറിച്ച് ഒരു ഇക്കോപൊളിറ്റിക്കൽ കവിത', വീരാൻ കുട്ടിയുടെ 'എസ്.എം.എസ് കവിതകൾ' എന്നിവ സാങ്കേതിക ഭാവുകത്വത്താൽ നീതമായ ആധുനികോത്തര ലാവണ്യാനുഭവത്തോട് കലഹിക്കുന്നവയാണ്. സാമൂഹികതയ്ക്ക് പുറം തിരിഞ്ഞിരിക്കുന്ന എസ്.എം.എസ് സാഹിത്യം നൈമിഷികാഹ്ലാദത്തിൽ ഊന്നുന്നു. എസ്.എം.എസ് കവിതകളിലൂടെ നൂതന സാങ്കേതികവിദ്യയുടെ ഈ അപരഭാവുകത്വത്തെയാണ് വീരാൻ കുട്ടി ആവിഷ്ക്കരിക്കുന്നത്. ആധുനികലോകത്തെ ഭാഷാ പ്രതിസന്ധിയെ ചിത്രീകരിക്കുന്ന പി.എൻ. ഗോപീകൃഷ്ണന്റെ 'സ' എന്ന അക്ഷരത്തെ കാണാനില്ല', 'മലയാളത്തിൽ' എന്നീ കവിതകൾ ശ്രദ്ധേയമാണ്. 'മലയാളത്തിൽ' എന്ന കവിതയിൽ

"വായിക്കുന്നത്
ഫ്രഞ്ചു നോവൽ
കണ്ടത്
ഇറ്റാലിയൻ സിനിമ
മുറിവുണക്കിയത്
ഇംഗ്ലീഷ് ലേപനം"

ഇങ്ങനെ ഭൗതികവും മാനസികവുമായ ആവശ്യങ്ങൾക്ക് പാശ്ചാത്യരെ ആശ്രയിക്കുന്ന മലയാളിക്ക് സ്വന്തം ഭാഷ ഉപകരിക്കുന്നത് തന്നത്താനറിയാതെ കൂർക്കം വലിക്കാൻ മാത്രമാണ് എന്ന് കവി പരിഹസിക്കുന്നു.

ആഗോളീകരണം നമ്മുടെ ഭാഷയെയും ജീവിതത്തെയും എങ്ങനെ പരിമിതപ്പെടുത്തി എന്നാണ് 'സ' എന്ന അക്ഷരത്തെ കാണ്മാനില്ല' എന്ന കവിതയിലൂടെ ഗോപീകൃഷ്ണൻ കാണിച്ചു തരുന്നത്. സമരം, സ്വാതന്ത്ര്യം, സത്യാഗ്രഹം, സമത്വം എന്നിങ്ങനെ നമ്മുടെ ഭാഷയിൽ നിറഞ്ഞു നിന്ന 'സ' ഒഴിവാക്കപ്പെട്ട് സിന്ധു-ഹിന്ദുവും വിസ-വിഷവും സമത-ചമതയും വ്യാസൻ-വ്യാജനുമായി. എന്നാൽ മൈക്രോ സോഫ്റ്റ്, യു.എസ്.എ തുടങ്ങിയ പദങ്ങളിലെ 'സ' കാരത്തെ മാറ്റാൻ കഴിയുന്നില്ല. കാരണം ഇന്നു നമ്മുടെ ഭാഷയെയും ആശയത്തെയും സംസ്ക്കാരത്തെയുമെല്ലാം നയിക്കുന്നത് പാശ്ചാത്യരാണല്ലോ. സോമൻ കടലൂരിന്റെ 'യുവാവെ നീയെവിടെയാണ്?' എന്ന കവിത കാണാതായ യുവത്വത്തിനു വേണ്ടിയുള്ള അന്വേഷണമാണ്. നാട്ടിലും വീട്ടിലും കല്യാണവീട്ടിലുമെല്ലാം അയാളെ അന്വേഷിച്ച് പരാജയമടയുമ്പോൾ

"യുവാവെ! നീയെവിടെയാണ് ഒളിച്ചത്?
കൊതിയാവുന്നു നിന്നെയൊന്നു കാണാൻ
സത്യമായും I miss u da'

എന്ന് ആ വിലാപം സ്വരം മാറുന്നു. നവോത്ഥാന കാലഘട്ടത്തിൽ

കല്യാണവീടും മരണവീടും നാടുമൊക്കെയായിരുന്നു പൊതുഇടങ്ങളെങ്കിൽ ഇന്റർനെറ്റ് കഫേ, ബ്രൗസിങ്ങ് സെന്റർ, ഷോപ്പിങ്ങ് മാളുകൾ എന്നിവയാണ് ആഗോളീകരണകാലത്തെ പൊതു ഇടങ്ങൾ. അകാലവാർദ്ധക്യം ബാധിച്ച ഇവർക്കിടയിൽ എങ്ങോ നഷ്ടപ്പെട്ട യുവത്വത്തെ അന്വേഷിക്കുകയാണ് കവി.

വിഹ്വലമായ സമകാലീനാവസ്ഥയെ തന്റേതായ വഴിയിലൂടെ ചിത്രീകരിക്കുന്നവരാണ് പുതിയ കവികൾ. ആഗോളീകരണവും നൂതന സാങ്കേതിക വിദ്യകളും നമ്മുടെ ഭാഷയെയും സംസ്ക്കാരത്തെയുമെല്ലാം എപ്രകാരം മാറ്റി മറിച്ചു എന്ന് അവരുടെ രചനകൾ കാണിച്ചു തരുന്നു. ആധുനികരെ അപേക്ഷിച്ച് പറയാനുള്ള ഭാഷ പോലും അന്യവൽക്കരിക്കപ്പെട്ടവരാണവർ. എന്നിട്ടും ആധുനികരെപോലെ സർവനാശാവബോധത്തിലേക്കോ അസംബന്ധതയിലടിയുറച്ച ദുർഗ്രാഹ്യതയിലേക്കോ ആണ്ടുപോവാതെ വർത്തമാനകാലാവസ്ഥയെ ഋഷിയുടെ നിസ്സംഗതയോടെ അതേപടി അവർ പ്രതിഫലിപ്പിക്കുന്നു. അതിനുതകുന്ന ഭാഷയും ശൈലിയും സ്വാഭാവികതയോടെ അവരിൽ രൂപം കൊള്ളുന്നു. അതിനാൽ നമ്മുടെ നാളെയുടെ വിധാതാക്കൾ ഈ യുവവിദൂഷകന്മാരാവാം. രൂപത്തിലെ ഹ്രസ്വത പലപ്പോഴും ധൈര്യപൂർവ്വം എവിടെയും കടന്നുകയറാനുള്ള സമ്മതപത്ര(ലൈസൻസ്)മാകാറുണ്ടല്ലോ?

# മലയാളത്തിലെ ഫ്രഞ്ച് ഭാഷാ അധീശത്വം

പ്രജീഷ്.പി
മലയാളവിഭാഗം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്

മലയാള ഭാഷയുടെ വളർച്ചയിലും വികാസത്തിലും അന്യഭാ
ഷകൾക്കുള്ള സ്വാധീനം ചെറുതല്ല. സംസ്കൃതവും അറബിക്കും തമി
ഴും ഇംഗ്ലീഷും പോർച്ചുഗീസും ഫ്രഞ്ചും എല്ലാംതന്നെ മലയാള ഭാഷ
യെ സ്വാധീനിച്ചിട്ടുണ്ട്. ഇതരഭാഷകളുമായി മലയാളത്തിനുണ്ടായ ഈ
സമ്പർക്കങ്ങൾക്ക് സാംസ്ക്കാരികവും ചരിത്രപരവുമായ കാരണങ്ങളു
ണ്ട്. കോളനീകരണം എന്ന ചരിത്രപരമായ വസ്തുതകളുടെ ഫലമാ
യിട്ടാണ് ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, ഡച്ച് തുടങ്ങിയ യൂറോപ്യൻ
ഭാഷകൾ മലയാളവുമായി സമ്പർക്കത്തിലേർപ്പെടുന്നത്. ഇതിൽ നൂറ്റാ
ണ്ടുകളോളം നീണ്ടുനിന്ന ബ്രിട്ടീഷ് അധിനിവേശത്തിന്റെ ഫലമായി
ഇംഗ്ലീഷ് എന്ന ഭാഷയോട് മലയാളികൾ വെച്ചുപുലർത്തുന്ന അടിമ
ത്ത മനോഭാവത്തെക്കുറിച്ചും ആ ഭാഷയുടെ നാനാമുഖമായ സ്വാധീന
ത്തെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചുമെല്ലാമുള്ള നിരവധിയായ
പഠനങ്ങൾ ഇതിനകം തന്നെ ഉണ്ടായിവന്നിട്ടുണ്ട്. ഇംഗ്ലീഷിന്റേതുപോ
ലുള്ള ശക്തമായ സ്വാധീനങ്ങളും ഫലങ്ങളും അവശേഷിക്കുന്നില്ലെങ്കി
ലും യൂറോപ്യൻ ഭാഷയായ ഫ്രഞ്ചിനും ശക്തമായ സ്വാധീനമുണ്ടെ
ന്നു കാണാം. കേരളത്തിന്റെ ഭൂമിശാസ്ത്രപരിധിക്കകത്ത് നിലകൊള്ളു
ന്നതും എന്നാൽ കേരളത്തിന്റെ ഭാഗമല്ലാത്തതുമായ പ്രദേശമാണ് മ
യ്യഴി(മാഹി). രണ്ട് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഫ്രഞ്ച് അധിനി
വേശത്തിന്റെ ഫലമായിട്ടാണ് മയ്യഴിമലയാളത്തിൽ ഫ്രഞ്ചിന്റെ ശക്തമാ
യ സാന്നിധ്യം നിലനിൽക്കുന്നത്. ഭാഷ കൊണ്ടും സാംസ്ക്കാരം
കൊണ്ടും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ നിന്നും കാര്യമായ വ്യ
ത്യാസങ്ങളൊന്നും തന്നെ മയ്യഴിക്കില്ലെങ്കിലും മലയാള ഭാഷയിലെ ഫ്ര

ഞ്ച് അധീശത്വത്തിന്റെ സാന്നിധ്യം ഇവിടുത്തെ ഭാഷയിലും ഭാഷാബോധത്തിലും കാണാം. മയ്യഴി ഭാഷാഭേദം മലയാളത്തിന്റെ ശക്തമായ ഒരു അടരാണ് എന്നതിനാൽതന്നെ അതിന്റെ അധികാരം മലയാളത്തിനുമേൽ ഉറപ്പിച്ചെടുത്തു എന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

1. പഠനലക്ഷ്യം

രണ്ട് നൂറ്റാണ്ടുകളിലധികം നീണ്ട ഫ്രഞ്ച് ഭരണം അവസാനിച്ച ശേഷവും അതിന്റെ ഫലങ്ങൾ അധികാരത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും രൂപത്തിൽ എങ്ങനെയെല്ലാം മയ്യഴി മലയാളത്തെയും ഭാഷാബോധത്തെയും നിർമ്മിച്ചുകൊണ്ടിരിക്കുന്നു എന്ന് വിശകലനവിധേയമാക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

2. പഠനരീതി

സാമൂഹിക ഭാഷാശാസ്ത്രത്തിലെ പഠനവിഭാഗമായ വിമർശനാത്മക ഭാഷാ സമീപനം ഉപയോഗിച്ചാണ് ഈ പഠനം നടത്തിയത്. മയ്യഴി പ്രദേശത്തിലെ വീടുകളിൽനിന്നും ചോദ്യാവലി, അഭിമുഖം, നിരീക്ഷണം തുടങ്ങിയ രീതികളിലൂടെയാണ് ദത്തസംഭരണം നടത്തിയിട്ടുള്ളത്. പൗരത്വം ജാതി, മതം, പ്രായം, ലിംഗം തുടങ്ങിയ ചരങ്ങളെയെല്ലാം തന്നെ ഉൾപ്പെടുത്തിക്കൊണ്ടാണ് പഠനം നടത്തിയിട്ടുള്ളത്. ഭാഷയിലെ അധീശത്വ സ്വാധീനത്തെ അപഗ്രഥിക്കുന്നതിനായി അന്റോണിയോ ഗ്രാംഷിയുടെ Hegemony ലൂയി അൾത്തുസറിന്റെ Ideology ഫൂക്കോയുടെ Discourseതുടങ്ങിയ പരികല്പനയുടെ സൈദ്ധാന്തിക വശങ്ങൾ കൂടി ഉപയോഗിച്ചിട്ടുണ്ട്

**ഫ്രഞ്ച് കോളനീകരണവും മയ്യഴിയും :**

പോർച്ചുഗീസുകാരേയും ഡച്ചുകാരേയും ബ്രിട്ടീഷ്കാരേയും പിന്തുടർന്നാണ് ഫ്രഞ്ചുകാരും കച്ചവടാവശ്യാർത്ഥം കേരളത്തിലെത്തുന്നത്. 1664 ൽ ലൂയി പതിനാലാമന്റെ സെക്രട്ടറിയും സാമ്പത്തിക വിദഗ്ദ്ധനുമായ കെൽബേർ സ്ഥാപിച്ച ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ് ഇന്ത്യയിലേക്കുള്ള യാത്രകൾക്ക് നേതൃത്വം വഹിച്ചത്. 1674ൽ ബംഗാളിലെ ചന്ദ്രനഗറിലും 1720ൽ യാനത്തും തങ്ങളുടെ കേന്ദ്രങ്ങൾ ഉറപ്പിച്ചതിനുശേഷമാണ് 1721ൽ ആന്ദ്രെ മൊല്ലന്തേന്റെ നേതൃത്വത്തിലുള്ള ഫ്രഞ്ചുകാർ മയ്യഴിയിലെത്തുന്നത്. 1738ൽ കാരിക്കലിലും സാന്നിധ്യം ഉറപ്പിച്ച ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ ആസ്ഥാനം പോണ്ടിച്ചേരിയിലായിരുന്നു. 1698ൽ നാമമാത്രമായ ഒരു കേന്ദ്രം ഫ്രഞ്ചുകാർ കോഴിക്കോടും സ്വന്തമാക്കിയിരുന്നതായും ഇത് ലോഴ് ദ് കാലിക്യൂട് എന്ന് അറിയപ്പെട്ടിരുന്നതായും സി.എച്ച്. ഗംഗാധരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

1937ൽ സ്ഥാപിതമായ മഹാജനസഭ എന്ന സംഘടനയുടെ നേതൃത്വത്തിലാണ് മയ്യഴിയിൽ നൂറ്റാണ്ടുകൾ നീണ്ട ഫ്രഞ്ച് അധിനിവേശത്തിനെതിരെ ദേശീയപ്രസ്ഥാനം രൂപപ്പെട്ടുവന്നത്. മയ്യഴിഗാന്ധി എന്നറിയപ്പെടുന്ന ഐ. കെ. കുമാരൻ മാസ്റ്ററുടെയും സി. ഇ. ഭരതന്റെയും മൂച്ചിൽ പത്മനാഭന്റെയും മംഗലാട്ട് രാഘവന്റെയും മറ്റും നേ

ത്വത്തിലാണ് ജനകീയ സത്യാഗ്രഹസമരങ്ങൾ ഫ്രഞ്ച് അധിനിവേ
ശത്തിനെതിരെ നടന്നത്. 1948ലെ ഒക്ടോബർ വിപ്ലവവും 1954ലെ ചെറു
കല്ലായി വിമോചനസമരവും വിമോചനമാർച്ചും എല്ലാംതന്നെ മയ്യഴി സ്വാ
തന്ത്ര്യസമരചരിത്രത്തിലെ ധീരമായ സംഭവങ്ങളാണ്. ശക്തമായ
ജനകീയ പ്രക്ഷോഭങ്ങളുടെ ഫലമായി 1954 ജൂലൈ 16 ന് ഐ. കെ.
കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള ഭരണകൗൺസിലിന് ഏൽപ്പിച്ചു
കൊടുത്തുകൊണ്ട് മയ്യഴി വിട്ടുപോയെങ്കിലും 1962ൽ ഇന്ത്യാ ഗവൺ
മെന്റുമായി ഫ്രാൻസ് ഉണ്ടാക്കിയ ഉടമ്പടി പ്രകാരമാണ് മയ്യഴിയും
ഇന്ത്യയുടെ ഭാഗമായി തീർന്നത്. ഫ്രഞ്ച് പൗരത്വം തുടർന്നും നിലനിർ
ത്താനുള്ള അവസരം ഈ ഉടമ്പടി പ്രകാരം മയ്യഴിക്കാർക്ക് ലഭിച്ചു. ഒപ്സ്യം
എന്നറിയപ്പെട്ടിരുന്ന പൗരത്വസ്വീകരണം വഴി മയ്യഴിയിൽ ഫ്രഞ്ച് പൗര
ന്മാരുടേതായ ഒരു സമൂഹം ഉണ്ടായിവന്നു. ഫ്രഞ്ച് പ്രസിഡന്റ് തെര
ഞ്ഞെടുപ്പിൽ പോലും വോട്ടവകാശമുള്ള നിരവധി ഫ്രഞ്ച് പൗരന്മാർ
ഇന്നും മയ്യഴിയിലുണ്ട്. ഈ ഉടമ്പടി പ്രകാരംതന്നെ കേന്ദ്രഭരണപ്രദേ
ശം എന്ന പദവി ലഭിച്ച മയ്യഴി ഇന്നു മാഹി, പള്ളൂർ എന്നീ നിയമസഭാ
മണ്ഡലങ്ങൾ ഉൾപ്പെടുന്ന പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ പ്ര
ദേശമാണ്.

**മയ്യഴി : ഫ്രഞ്ചുഭരണകാലത്തെ സങ്കരഭാഷ**

സമകാലിക മയ്യഴിമലയാളത്തിലെ ഫ്രഞ്ച് ഭാഷ അധിനിവേ
ശത്തിന്റെ വേരുകൾ ചെന്നെത്തുന്നത് കോളനീകരണകാലത്ത് നില
വിലിരുന്ന ഫ്രഞ്ച്- മലയാള ഭാഷാഭേദത്തിലേക്കാണ്. ഇന്ന് ഇംഗ്ലീഷ്
വാക്കുകൾ ഉച്ചരിക്കാത്ത സാധാരണക്കാർ ഇല്ലാത്തതുപോലെ അക്കാല
ത്ത് മയ്യഴിയിൽ ഫ്രഞ്ച് വാക്കുകൾ ഉച്ചരിക്കാത്തവരില്ലായിരുന്നു. ബ
ട്ലർ ഇംഗ്ലീഷ് പോലെ നാട്ടുകാർ ഫ്രഞ്ച് ഭാഷ സംസാരിക്കാൻ
തുനിഞ്ഞു. അതിന്റെ ഫലമായി മയ്യഴിയിൽ ഒരു കാലത്ത്ഫ്രഞ്ച്-മല
യാളം ഭാഷാഭേദംതന്നെ നിലവിലിരുന്നു. നാട്ടുകാരെ അനുകരിച്ച്
ഫ്രഞ്ചുകാരും മലയാളം ചേർത്ത് ഫ്രഞ്ച്-മലയാളം സംസാരിക്കാൻ
തുടങ്ങി(പോൾമണലിൽ,2006: 316) എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

മാതൃഭാഷ മലയാളമായിരുന്ന മയ്യഴിക്കാരുടെ രണ്ടാം ഭാഷ എ
ന്ന നിലയിലാണ് ഫ്രഞ്ച് കടന്നുവന്നത്. വിദേശിയരായ ഫ്രഞ്ചുകാ
രുടെ ഭാഷ ഉത്കൃഷ്ടമായും തദ്ദേശിയമായ മലയാളഭാഷാഭേദം അപകൃ
ഷ്ടമാണെന്നുമുള്ള സാമാന്യബോധം മയ്യഴിക്കാരിൽ ഫ്രഞ്ച് അധിനിവേശം
നിർമ്മിച്ചെടുത്തിരുന്നു. അതിനാൽതന്നെ ഫ്രഞ്ച് വാക്കുകൾ ഉപയോ
ഗിച്ച് സംസാരിക്കുന്നത് മാന്യതയായി കരുതപ്പെട്ടു. ഈ മനോഭാവം
ഫ്രഞ്ച് പദങ്ങൾ ബോധപൂർവ്വം തന്നെ സംസാരത്തിൽ ഉൾപ്പെടുത്താൻ
മയ്യഴിക്കാരെ പ്രേരിപ്പിച്ചു. ഈ മനോഭാവത്തിന്റെ തുടർച്ച ഇന്നും മയ്യഴി
യിൽ കാണുന്നുണ്ട്. ഭാഷയിൽ ഫ്രഞ്ച് നേടിയ മേൽക്കോയ്മയാണ്
ഇതിന് കാരണം. ലോകത്തിലെ മറ്റ് പല സങ്കരഭാഷകളിലെന്നപോലെ
മയ്യഴിമലയാളവും ഫ്രഞ്ചും തമ്മിൽ കാര്യമായ കൊടുക്കൽ വാങ്ങലു
കൾ നടന്നിട്ടുണ്ട്. ഫ്രഞ്ച് അധിനിവേശകാലത്ത് മയ്യഴിജനത ഉപയോ

ഗിച്ചിരുന്ന പദങ്ങളിലും അവയുടെ ഉച്ചാരണത്തിലും പ്രകടമായിരുന്ന അധിനിവേശം തന്നെയാണ് വർത്തമാനകാല മയ്യഴിയിലെ ഭാഷാബോധത്തെയും സ്വത്വത്തെയും നിർണയിക്കുന്നത്. അതിനാൽതന്നെ ഫ്രഞ്ച്-മലയാളം ഭാഷാഭേദത്തിന്റെ പദതലത്തിലും ഉച്ചാരണതലത്തിലും ഉണ്ടായിരുന്ന സവിശേഷതകൾ സാമാന്യമായി സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

**ഫ്രഞ്ച് - മലയാളം ഭാഷാഭേദത്തിന്റെ പദതലം :**

ഫ്രഞ്ച് ഭാഷയിലെ ചില സ്വനിമങ്ങളെ ലോപിപ്പിച്ച് കടംകൊണ്ട പദങ്ങൾ മയ്യഴിയിലുണ്ടായിരുന്നു. മലയാളത്തിൽ വന്ന കുസി(ശി)നി എന്ന പദം ഫ്രഞ്ചിലെ ക്യാസിന്( cuisine)എന്ന പദത്തിലുണ്ടായ സ്വനിമലോപ ഫലമായി വന്നതാണ്. ഫ്രഞ്ചിലെ ബാങ്(യമിര) എന്നതിനെ സ്വനിമതലത്തിൽ വ്യത്യാസപ്പെടുത്തി ബാങ്ക് എന്നാക്കി ഉപയോഗിച്ചിരിക്കുന്നു. ഇരിക്കാനുള്ള ബെഞ്ച് എന്നായിരുന്നു ഇതിനർത്ഥം. ഫ്രഞ്ചിൽ പേനയ്ക്ക് പ്ലൂമി( plume) എന്നാണ് പറയുന്നത്. എന്നാൽ ഈ സ്വനിമത്തിനോട് സാദൃശ്യമുള്ള പ്ലീമ എന്നാക്കി മാറ്റിയാണ് മയ്യഴിക്കാർ ഈ പദം ഉപയോഗിക്കുന്നത്. കൂടാതെ ഇംഗ്ലീഷിലെ പെൻഹാൾഡർ(pen- holdr) എന്ന അർത്ഥത്തിൽ ഫ്രഞ്ചിലുള്ളപോത്ത് പ്ല്യൂമ് ( porte- plume) എന്ന പദത്തെ പ്ലീമത്തണ്ട്എന്നാണ് മയ്യഴിയിൽ ഉപയോഗിച്ചിരുന്നത്. ഫ്രഞ്ചുകാർ ട്രൗസറിനെകല്സോം എന്നതിനെ കളസം എന്നാക്കി മാറ്റി ഉപയോഗിച്ചിരിക്കുന്നു. പിന്നീട് കൊളസം, കളസം തുടങ്ങിയ രൂപപരിണാമങ്ങളും ഈ പദത്തിന് സംഭവിച്ചു. ഡിപ്പോസിറ്റ് എന്നതിനെ ദെപ്പം എന്നും ത്രെസോർഎന്നതിനെ ട്രഷറിഎന്നും മാറ്റി ഉപയോഗിക്കുന്നത് സ്വനിമപരിണാമത്തിന് ഉദാഹരണമായി കാണാനാകും. കോളനീകരണകാലത്തെ ഔദ്യോഗികഭാഷ ഫ്രഞ്ച് ആയിരുന്നതിനാൽതന്നെ അധികാര സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമെല്ലാംതന്നെ ഫ്രഞ്ച് നാമങ്ങളാണ് ഉപയോഗിച്ചിരുന്നത്. പാലേ ദ് ഴ്യൂസ്(നീതി സന്നിധി), മെറിയ ഫീസ്(മേയർ ഓഫീസ്), ത്രവോ പിബ്ളിക്(പൊതു മരാമത്ത് വകുപ്പ്), ബ്യൂറോ(ഓഫീസ്), എക്കോൾ ദ്ഫീ(പെൺ പള്ളിക്കൂടം),ഒപ്പിത്താൽ(ആശുപത്രി), എക്കോൽ(സ്കൂൾ),സിമിത്തിയർ(സെമിത്തേരി),കവാത്ത്(ഡ്രിൽ), സർത്തിഫിക്ക(സർട്ടിഫിക്കറ്റ്),മെദായി(ബഹുമതി), കാർത്ത് (കാർഡ്),എക്കോൽ ദാ ഗർസോം(ആൺ പള്ളിക്കൂടം) തുടങ്ങിയ രൂപങ്ങൾ മുകളിൽ സൂചിപ്പിച്ചതിന് ഉദാഹരണങ്ങളാണ്.

റ്യൂദ് ലെഗ്ളീസ് (പള്ളിയിലേക്കുള്ള വഴി), റ്യൂദ് റസിദാംസ്, റ്യൂദ് ലാ പ്രിസോം, റ്യൂദ് ഗുമർണ്ണ്മാം, റ്യൂദ് ലഗാർ തുടങ്ങിയവ മയ്യഴിയിലെ നിരത്തുകളുടെ നാമങ്ങളും പ്ളാസ്ദാം(മൈതാനം), ഗുറുപ്പ് (കോരക്കുറുപ്പ് കുന്ന്),പുദ്രിയേർ (പൂഴിത്തല), ബത്തി റീദേ റോഷ് (പാറക്കൽ) തുടങ്ങിയ സ്ഥലനാമങ്ങളും ഫ്രഞ്ച് ഭാഷാ അധിനിവേശ ഫലമായി മയ്യഴിയിൽ ഉണ്ടായി വന്നതാണ്. ഫ്രഞ്ച് കോട്ടകൾക്കും അധികാര കേന്ദ്രങ്ങൾക്കും ഫ്രഞ്ച് നാമങ്ങൾ തന്നെയാണുണ്ടായിരുന്നത്.

ഫോർട്ട് കൊന്തെ, ഫോർട്ട് ദു ഫേൻ, ആൻസ്യം ഗവർണ്ണ്മ(മാളി
യേമ്മൽ പറമ്പ്), ഒത്തേൽ ദ്യൂ ഗുവർണ്ണ്മ (മൂപ്പൻ കുന്ന്) എന്നും വി
ളിച്ചിരുന്നു. ഫ്രഞ്ചുകാരെ പരന്ത്രീസുകാർ എന്നു തന്നെയായിരുന്നു
മയ്യഴിയിലും വിളിച്ചിരുന്നത്. ഫ്രാൻസ് എന്നതിനെ പിറാൻസ് എന്ന് ഉ
ച്ചരിക്കുകയും പിന്നീടത് പരന്ത്രീസ്ആയി മാറി എന്നാണ് പ്രബലമാ
യ വാദം. എന്നാൽഫ്രാൻസെ( Frnais) എന്ന ഫ്രഞ്ച് പദത്തിൽ നി
ന്നാണ് പരന്ത്രീസ് എന്ന പദം ഉത്ഭവിച്ചതെന്ന് മംഗലാട്ട് രാഘവൻ അഭി
പ്രായപ്പെട്ടിട്ടുണ്ട് (1955:22). തലശ്ശേരി രേഖകളിലും (1995 : 375) പര
ന്ത്രീസ്, കൊംപാഞ്ഞി തുടങ്ങിയ പദങ്ങൾ കാണുന്നതിൽനിന്നും ഇത്ത
രം വാക്കുകൾക്ക് അക്കാലത്തുണ്ടായിരുന്ന പ്രചാരം മനസിലാക്കാൻ
കഴിയും.

ഫ്രഞ്ച് ഭാഷയുമായുണ്ടായ സമ്പർക്കം നിരവധിയായ സംബോ
ധനാരൂപങ്ങൾ മയ്യഴിഭാഷയിലേക്ക് കലരാൻ കാരണമായി. ഷേ(ഷല)
എന്ന ഫ്രഞ്ച് രൂപം ഞാൻ എന്നതിനെ കുറിക്കാനായി ഉപയോഗിച്ചി
രുന്നു. നീ എന്നതിന് ത്യൂ( tu) എന്നും ഉപയോഗിച്ചു. പപ്പ( pere), മാമ്മ,
ഓങ്കിൾ (oncle) തുടങ്ങിയ ബന്ധസൂചകപദങ്ങളും മയ്യഴിയിൽ പ്രചാര
ത്തിലുണ്ടായിരുന്നു. പ്രമ്യേ മഴിസ്ത്രാദ്ലാവീസ് (ഒന്നാം ക്ലാസ് മജി
സ്ട്രേറ്റ്), ചീഫ് ദ് സർവീസ്, ഒസ്യ, ഒസ്യേർ, രജിസ്ട്രാറെ ഗ്രേഫി, ത
ബെലിയേൻ, മേർ, കൊമിസേർ, ബ്യഗാദി, ആസ്റ്റിട്യൂട്ടർ, ദലഗേ, സെൽ
ദ തുടങ്ങിയ ഉദ്യോഗസ്തരെ സംബോധനചെയ്യുന്ന നാമരൂപങ്ങളും പ്ര
ചാരത്തിലിരുന്നു. ഫ്രഞ്ചുകാരെ കാണുമ്പോൾ മുസ്യേഎന്നു ചേർത്ത്
മയ്യഴിക്കാർ സംബോധനചെയിതിരുന്നു. കൂടാതെ ദേഷ്യം വരുമ്പോൾ
മോർദ് എന്നും ക്ഷമ ചോദിക്കാൻ പർദോംഎന്നും പറഞ്ഞിരുന്നു.

റേഗ്ൾ(റേഗ്ല്), ലാന്തർ, കർണ്ണീസ്, പിക്കം, ചിപ്പി, ചാക്ക് തു
ടങ്ങിയ വാക്കുകളും ഫ്രഞ്ച് സമ്പർക്ക ഫലമായി മയ്യഴിവ്യവഹാരത്തിൽ
സ്ഥാനം പിടിച്ചവയാണ്. മുഷിഞ്ഞ എന്ന അർത്ഥത്തിൽ മയ്യഴിയിൽ ഉ
പയോഗിച്ചിരുന്ന പപ്രശ്ശ എന്ന പദം പപ്പെറാസ്(paperrasse) എന്ന
തിൽ നിന്നുണ്ടായതാണ്. കാർത്തുഷ്ഠം, റോന്ത് തുടങ്ങിയ പദങ്ങളും
ഇങ്ങനെ വന്നതാണ്. ഇത്തരം സമ്പർക്കത്തിന്റെ ഫലമായി ചില മല
യാളപദങ്ങൾ ഫ്രഞ്ച് നിഘണ്ടുവിലും സ്ഥാനം നേടിയിട്ടുണ്ട്. കൊപ്ര,
വെറ്റില തുടങ്ങിയ പേരുകൾ ഫ്രഞ്ച് നിഘണ്ടുവിലുണ്ട്. ഇതുപോലെത
ന്നെ നെല്ല്, പണം തുടങ്ങിയവ നെല്ലി ( nelly), ഫനോ( fenon) എ
ന്നീ രൂപത്തിൽ ഫ്രഞ്ചിലേക്ക് സംക്രമിച്ചിട്ടുണ്ട്. മലയാളത്തിലെ ഓല
ഫ്രഞ്ചിൽ ഓല്ല് (olle) ആയും കള്ള് കല്ലു( callou) ആയും കഞ്ഞി
കാംഴ് (cange) ആയും തീയ്യർതീവ് ( tive) ആയും മുക്കുവർ മക്ക
ആയും മുരിങ്ങമുറേങ്ക് ആയും ഫ്രഞ്ചിലേക്ക് സംക്രമിച്ചിട്ടുള്ളതായി
മംഗലാട്ട് രാഘവൻ നിരീക്ഷിച്ചിട്ടുണ്ട്(1955:27). ഫ്രഞ്ച് പദങ്ങൾ ചേർ
ത്ത് സംസാരിച്ചാൽ മാത്രം പോരാ അത് ഫ്രഞ്ചിന്റെ സമാനമായ ഉച്ചാ
രണത്തിൽ തന്നെയാകുന്നതാണ് മാന്യത എന്ന ബോധം മയ്യഴിക്കാരു
ടെ സാമാന്യബോധത്തിലുണ്ടായിരുന്നു.

**മയ്യഴി : കോളനിയാനന്തര ഭാഷയിലെ ഫ്രഞ്ച് അധിനിവേശം :**

മയ്യഴി സ്വതന്ത്രമായതിന് ശേഷമുള്ള കാൽനൂറ്റാണ്ട് കാലത്ത് കാര്യമായ മാറ്റങ്ങളൊന്നും മയ്യഴി ഭാഷയിൽ ഉണ്ടായിട്ടില്ലെങ്കിലും ഫ്രഞ്ചുകാർ മയ്യഴി വിട്ടതോടെ ഭാഷയിലെ കലർപ്പിന്റെ തോത് കുറഞ്ഞു. ഫ്രഞ്ച് മലയാള സങ്കരപദങ്ങൾ സൃഷ്ടിക്കപ്പെടാതെയായി. കോളനിയാനന്തരമയ്യഴിയിൽ രണ്ട് തരം പൗരന്മാരെയാണ് പ്രധാനമായും കാണാനാകുക. പൗരത്വസ്വീകരണാവസരം ഉപയോഗപ്പെടുത്തി ഫ്രഞ്ച് പൗരന്മാരായവരും അവരുടെ പിൻതലമുറയും ഇന്ത്യൻപൗരന്മാരായി തന്നെ തുടരാൻ തീരുമാനിച്ച മയ്യഴിക്കാരുമാണ് അവർ. ഈ രണ്ട് വിഭാഗക്കാരുടെയും വാമൊഴിയിൽ ഫ്രഞ്ച് ഭരണകാലത്ത് ഉണ്ടായിരുന്നതുപോലുള്ള ഫ്രഞ്ച്-മലയാള സങ്കരഭാഷ കാണപ്പെടുന്നില്ലെങ്കിലും ഫ്രഞ്ച് ഭാഷയുടെ അധീശത്ത്വവ്യവഹാരം ഇന്നും മയ്യഴിയിൽ കാണാനാകും.

കോളനിയാനന്തര കാലഘട്ടത്തിൽ ഫ്രഞ്ച് പൗരന്മാരായി മാറിയ മയ്യഴിക്കാരുടെ മാതൃഭാഷ മലയാളം തന്നെയാണ്. എന്നാൽ ഫ്രഞ്ച് ദേശിയത നേടാനുള്ള അടിസ്ഥാന യോഗ്യതകളിലൊന്ന് ഫ്രഞ്ച് ഭാഷ അറിഞ്ഞിരിക്കുക എന്നതാണ്. അതിനാൽതന്നെ ഫ്രഞ്ചിനും മാതൃഭാഷക്ക് തുല്ല്യമായ സ്ഥാനം ഇവർ നൽകിപോരുന്നു. ഫ്രഞ്ച് പൗരത്വം നേടിയവരുടെ മക്കളിൽ 70% പേരുടെയും മാതൃഭാഷ ഫ്രഞ്ചാണ്. മയ്യഴിയിൽ ജനിച്ചുവളർന്നവരോ ഫ്രാൻസിലേക്ക് താമസം മാറ്റാത്തവരോ മാത്രമാണ് ഇന്നും മലയാളത്തെ മാതൃഭാഷയായി കൊണ്ടുനടക്കുന്നത്. എന്നാൽ മയ്യഴിയിൽ ഫ്രഞ്ച് പൗരന്മാർ ഒത്തുകൂടുന്ന ഏക കേന്ദ്രമായയൂന്യോംദ് ഫ്രാൻസെ ദ് മായെ( Union Des Francias De Mahe) എന്ന അവരുടെ സംഘടനക്കുള്ളിലെ വിനിമയഭാഷ ഫ്രഞ്ച് മാത്രമാണ്. ഫ്രഞ്ച് ഭാഷയിലുള്ള തങ്ങളുടെ ദേശീയഗാനമായ ലാമർസിയേസ് ഇവർ ഇത്തരം സന്ദർഭങ്ങളിൽ പാടാറുണ്ട്.

ഫ്രഞ്ച് അധിനിവേശം മയ്യഴിഭാഷയിൽ ഇന്നും വളരെ പ്രകടമായല്ലെങ്കിൽ കൂടി പ്രവർത്തിക്കുന്നുണ്ട്. ഇന്നത്തെ മയ്യഴിയിലെ ചില സ്ഥലനാമങ്ങളും മറ്റും ഫ്രഞ്ച്ഭാഷയിലുള്ളവ തന്നെയാണ്. മയ്യഴി നഗരത്തിൽതന്നെ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ഉപ്പിലത്താളി പറമ്പ് എന്ന പേരുണ്ട്. ഈ നാമം യഥാർത്ഥത്തിൽഒപ്പിത്താൽ(ഹോസ്പിറ്റൽ) എന്ന പദവുമായി ബന്ധപ്പെട്ട് ഉണ്ടായതാണ്. ആശുപത്രി സ്ഥിതി ചെയ്തിരുന്ന പ്രദേശമായിരുന്നു ഇത്. നെപ്പോളിയൻ കുന്ന് എന്ന സ്ഥലനാമവും മറ്റൊരു അധീശത്തസൃഷ്ടിയാണ്.

മയ്യഴിയിലെ താത്തക്കുളം എന്ന പേര് ടാറ്റ കമ്പനി നിർമ്മിച്ച കുളം എന്ന നിലക്കാണ് പ്രശസ്തമായത്. ഇതിലെ താത്ത എന്നത് ടാറ്റ എന്നതിന്റെ ഫ്രഞ്ച് പദമാണ്. മയ്യഴിയിലെ പെട്ടിപ്പാലം എന്ന സ്ഥലനാമത്തിലെ പെട്ടിഎന്നത് ഫ്രഞ്ചിലെ ജലശേല ആണ്. മയ്യഴിവ്യവഹാരത്തിൽ കാണുന്ന മന്താദപ്പം,മന്തഓർഡർ, മന്തപ്പണിതുടങ്ങിയ പ്രയോഗങ്ങളുടെയെല്ലാം ഉത്ഭവം ഫ്രഞ്ചിലെ മന്താ ദെ ദെപ്പോ ( Mandat De Deport) എന്ന പദത്തിൽ നിന്നാണ്. താൽക്കാലിക

ിയമനം എന്നൊരു അർത്ഥവുംമന്തഎന്നതിന് പിൽക്കാലത്ത് ഉണ്ടായിവന്നിട്ടുണ്ട്. മയ്യഴിയുടെ ഭാഷാവ്യവഹാരത്തിൽ ഫ്രഞ്ച് ഭാഷയോടുള്ള അടിമത്തപരമായ മനോഭാവം ഇന്നും നിലനിൽക്കുന്നുണ്ട് എന്നതിന് തെളിവാണ് ജനനമരണ രജിസ്ട്രേഷൻ ഓഫീസിനെ ഇന്നും എത്താ സിവിൽ എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. എത്തഎന്ന വാക്കിന് State എന്നാണർത്ഥം. ഇവയെ കൂടാതെ ഇരുമീസ് (ശ്മശാനം), പാമാർ (പാർക്ക്) തുടങ്ങിയ പദങ്ങളും ഇന്നും സജീവമാണ്. ഫ്രഞ്ച് അധീശത്വം സംബോധനാരൂപങ്ങളിലും കാണാനാകും. മിസ്റ്റർ എന്നർത്ഥം വരുന്നമുസ്യേഎന്ന പദം പേരിന് മുമ്പിൽ ചേർത്താണ് ഫ്രഞ്ച് പൗരന്മാരെ പലപ്പോഴും സംബോധന ചെയ്യുന്നത്. കോനായി ദാമു എന്ന പേർമുസ്യേം കോട്ടെ എന്നാകുന്നതും ചാരോത്ത് കുഞ്ഞിക്കണ്ണൻ കണ്ണൻ ദ് ഷരോത്ത് ആകുന്നതും പനങ്ങാടൻ ബാലകൃഷ്ണൻ മുസ്യേ പനങ്ങാടൻ ആയി തീരുന്നതും ഫ്രഞ്ച് അധീശത്വം പ്രവർത്തിക്കുന്നതിനാലാണ്. ഫ്രഞ്ച് അധീശത്വത്തെ ചുമക്കുന്ന ഗൃഹനാമങ്ങളും സ്ഥലനാമങ്ങളും മയ്യഴിയിലുണ്ട്. ഷെർവുഡ്ഹൗസ്, പാരീസ് വില്ല,ഫ്രഞ്ച് കോർണർ,ഫ്രഞ്ച് കഫേ, പേ ഫാർമേ, ലേ കഫേതുടങ്ങിയവ ഉദാഹരണങ്ങളാണ്.

മയ്യഴിയിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 55% പേരും ഫ്രഞ്ചുഭാഷയിലുള്ള അടിസ്ഥാന പരിചയം നേടിയവരാണ്. ഫ്രഞ്ച് മാധ്യമമായുള്ള വിദ്യാഭ്യാസരീതികളാണ് ഇതിന്റെ പ്രധാന ഹേതു. അതിനാൽതന്നെ ഫ്രഞ്ച് അക്ഷരമാലയിൽ എഴുതിയും എൻ(മി), ദെ (deus), ത്രു(thrus), കാർത്ര്(quiter), സാങ്ക്(cenq) എന്നിങ്ങനെ സംഖ്യകൾ എണ്ണിക്കൊണ്ടും ബോങ്ഴൂർ മുസ്സ്യേ(good morning), കൊമാസാവ(how are you), മേഴ്സി(mercy), കോമാവോപപ്പുലേവു(what is your ame) തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ അന്വേഷിച്ചും തങ്ങളുടെ ഫ്രഞ്ച് ഭാഷയിലുള്ള അറിവ് പ്രകടിപ്പിക്കാൻ തല്പരരാണ് ഇവരിൽ ഭൂരിഭാഗവും. അത് ഒരു അഭിമാനത്തിന്റെ ചിഹ്നമായും ഇവർ കരുതുന്നു. Premia മുതൽ Bravi (110) വരെ പഠിപ്പിക്കുന്ന ഫ്രഞ്ച് സ്കൂളുകളും ഫ്രഞ്ച്ഭാഷയിൽ സർട്ടിഫിക്കറ്റ് ഡിപ്ലോമ ക്ലാസ്സുകൾ നടത്തുന്ന അലിയാൻസ് ഫ്രാൻസെയ്സ് എന്ന സ്ഥാപനവും ഇന്നും മയ്യഴിയിൽ ഫ്രഞ്ചിന്റെ പ്രചാരത്തെ ഉറപ്പിച്ചെടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

**മയ്യഴിക്കാരുടെ ഭാഷാമനോഭാവവും അധീശത്വവും :**

വസ്തുക്കളോടും അവസ്ഥകളോടുമുള്ള വ്യക്തിയുടെ പ്രതികരണങ്ങളെ സ്വാധീനിക്കുന്നതും അനുഭവങ്ങളാൽ രൂപപ്പെടുത്തുന്നതുമായ മനോനിലയാണ് മനോഭാവംഎന്ന് ബർനോഫ് നിരീക്ഷിക്കുന്നുണ്ട്(വിനോദ്,2010:321). അതിനാൽതന്നെ ഒരു ജനതയുടെ മനോഭാവം അവരുടെ അനുഭവങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. മയ്യഴിക്കാരുടെ ഭാഷാമനോഭാവം പരിശോധിക്കുന്നതിലൂടെ ഫ്രഞ്ച് സംസ്കാരത്തോടും അധിനിവേശത്തോടുമുള്ള അവരുടെ അഭിപ്രായത്തെക്കൂടിയാണ് വിലയിരുത്തപ്പെടുന്നത്. ലിംഗവ്യത്യാസത്തിന്റെയും വർഗ, വം

ശീയ, പ്രായവ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ ഭാഷാമനോഭാവം മാറിവരുമെന്ന് ലബോവ് നിരീക്ഷിക്കുന്നുണ്ട്(ലബോവ്,1996:49). അതിനാൽതന്നെ മയ്യഴിക്കാരിലെ പൗരത്വം, പ്രായം, ലിംഗം തുടങ്ങിയ ഘടകങ്ങൾ മാറുന്നതിനനുസരിച്ച് ഭാഷാബോധത്തിലും മാറ്റം വരുന്നതായി കാണാം. ഫ്രഞ്ച് പൗരന്മാരുടെ ഭാഷാ മനോഭാവം അളക്കുന്നതിനായി മയ്യഴിയിൽ ഉണ്ടായിരുന്നതോ ഉള്ളതോ ആയ ഏത് ഭാഷയോടാണ് താൽപര്യം എന്ന ചോദ്യം ചോദിക്കുകയുണ്ടായി. ഫ്രഞ്ച്, മലയാളത്തിന്റെ ഭാഷാഭേദം, ഇംഗ്ലീഷ്, അഭിപ്രായമില്ല എന്നിങ്ങനെയുള്ള ഉത്തരങ്ങളാണ് കിട്ടിയത്. ഇതിൽ ഫ്രഞ്ച് ഭാഷ നല്ലത് എന്ന് 47% സ്ത്രീകൾ അഭിപ്രായപ്പെട്ടപ്പോൾ 88% പുരുഷന്മാരും ഫ്രഞ്ച് ഭാഷാനുകൂലികളാണ്. 12% പേർ മാത്രമാണ് മലയാളത്തെ അംഗീകരിച്ചത്. ഫ്രാൻസ് ഒരിക്കൽ പോലും സന്ദർശിച്ചിട്ടില്ലാത്ത സ്ത്രീകളിൽ 80% പേരും മലയാളത്തെ അനുകൂലിച്ചത് ശ്രദ്ധേയമാണ്. ഫ്രഞ്ച് ഭാഷക്കുള്ള സാഹിത്യസമ്പന്നത, മാധുര്യം, ശക്തി, പാരമ്പര്യം എന്നീ ഘടകങ്ങളെയൊക്കെയാണ് ഫ്രഞ്ച് അനുകൂലികൾ ഇഷ്ടത്തിന് കാരണമായി പറയുന്നത്.

മയ്യഴിയിലെ തദ്ദേശീയരായ പൗരന്മാരുടെ ഭാഷാബോധവും ഫ്രഞ്ച് അധിനിവേശത്തെ പേറുന്നതായി പഠനം തെളിയിക്കുന്നു. പുരുഷന്മാരിൽ 55% പേരും ഫ്രഞ്ചിനെ അനുകൂലിക്കുന്നവരാണ്. 35% മലയാളത്തെ പിന്താങ്ങുന്നു. 50 വയസ്സിന് മുകളിൽ പ്രായമുള്ളവരും 25 വയസ്സിന് താഴെ പ്രായമുള്ളവരുമാണ് പ്രധാനമായും ഫ്രഞ്ച്ഭാഷയെ അനുകൂലിക്കുന്നത്. 25നും 50നും വയസ്സിനിടയിലുള്ള പുരുഷന്മാരിൽ 65% പേരും മലയാളത്തെ മികച്ചതായി കണക്കാക്കുന്നു. സ്ത്രീകളിൽ 54% പേർ ഫ്രഞ്ചിന്റെ പാരമ്പര്യത്തെയും മികവിനെയും പിന്താങ്ങുന്നുണ്ട്. എന്നാൽ ഫ്രഞ്ചഭാഷയെ അനുകൂലിക്കുന്ന സ്ത്രീകളിൽ 40%വും ആ ഭാഷ പഠിക്കാൻ കഴിയാത്തതിൽ ദുഃഖം പ്രകടിപ്പിക്കുന്നവരാണ്. ചുരുക്കത്തിൽ മയ്യഴിയിൽ ഇന്ന് ജീവിക്കുന്ന പുരുഷന്മാരിൽ 66%ത്തിലധികം പേർ തങ്ങളുടെ ഫ്രഞ്ച് പാരമ്പര്യത്തിൽ അഭിമാനിക്കുന്നവരാണ്. ഫ്രഞ്ച് ഭാഷയുടെ ഉന്നത പദവി അംഗീകരിക്കുമ്പോൾതന്നെ ഇവർ മലയാളംഅപകൃഷ്ടമാണെന്ന് കരുതുകയും ചെയ്യുന്നു.

**ഭാഷാമനോഭാവത്തിന്റെ പ്രത്യയശാസ്ത്രം :**

ഒരു ഭാഷകസമൂഹത്തിന് മറ്റൊന്ന് ഉത്കൃഷ്ടമെന്നോ അപകൃഷ്ടമെന്നോ തോന്നുന്നത് ആ ഭാഷയോടുള്ള സാംസ്ക്കാരിക സമീപനത്തിന്റെ ഫലമാണ്. ഭാഷയോടുള്ള താല്പര്യവും അത് ഉപയോഗിക്കാനുള്ള പ്രാവീണ്യവും അതിന്റെ ഉപയോഗവും പരസ്പരം യോജിച്ച് പോകണമെന്നില്ല എന്ന് 1960 ൽ നടത്തിയ ഐറിഷ് ഭാഷയെക്കുറിച്ചുള്ള പഠനത്തിലൂടെ ബേക്കർ തെളിയിച്ചിട്ടുണ്ട്(:320). അതിനാൽതന്നെ മയ്യഴിക്കാരുടെ ഭാഷ ഉപയോഗത്തിൽ ഫ്രഞ്ച് ഭാഷാ അധീശത്വം കുറഞ്ഞുവരികയാണെങ്കിലും ഫ്രഞ്ചിനോടുള്ള അടിമത്തപരമായ വിധേയത്വം ഏറിവരുകയാണെന്ന് കാണാനാകും. ഫ്രഞ്ച് ഭരണകാലത്ത് അവർ മ

ഴിയുടെ സാമാന്യബോധത്തിൽ നടത്തിയ പ്രത്യയശാസ്ത്രപരമായ
ഇടപെടലുകളാണ് ഫ്രഞ്ചിന് അനുകൂലമായ നിലപാടുകൾ മയ്യഴിക്കാ
രിൽ നിന്നുണ്ടാകുവാൻ കാരണമെന്ന് പറയാം.

ബ്രിട്ടീഷ് കോളനിവ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായി പ്ര
ത്യയശാസ്ത്രപരമായ ഭരണകൂട ഉപാധികൾ ഉപയോഗിച്ചാണ് ഫ്ര
ഞ്ചുകാർ മയ്യഴിയിൽ അധികാരം നിലനിർത്തി പോന്നിരുന്നത് എന്നത്
ഒരു ചരിത്രവസ്തുതയാണ്. അതിനാൽതന്നെ അധീശവർഷത്തിന്റെ
മേൽക്കോയ്മയെ എതിർപ്പുകളില്ലാതെ ഉൾക്കൊള്ളുവാനും അതിന് കീ
ഴടങ്ങി ജീവിക്കാനും തലമുറകളിലൂടെ വിധേയത്വ മനോഭാവം കൈമാ
റാനും മയ്യഴിക്കാരെ പ്രാപ്തരാക്കുന്നതായിരുന്നു ഫ്രഞ്ചുകാർ ഉണ്ടാ
ക്കിയെടുത്ത സാമാന്യബോധം. സ്ഥാപിതതാൽപര്യങ്ങളെ പൊതുതാൽ
പര്യങ്ങളാക്കിമാറ്റി അതിന് സാമൂഹികസമ്മതി നേടിക്കൊടുക്കാൻ അ
ധികാരികൾ അവയെ സാമാന്യബോധമാക്കി മാറ്റുകയാണ് ചെയ്യുന്ന
തെന്ന് ഗ്രാംഷി നിരീക്ഷിച്ചിട്ടുണ്ട്(സുനിൽ പി. ഇളയിടം,2007:125). കോ
ളനിയാനന്തര മയ്യഴി ജീവിത്തിലും ഫ്രഞ്ച് താൽപര്യങ്ങൽക്കനുകൂലമായ
സാമാന്യബോധം വളരെ ശക്തമാണ്. ഫ്രഞ്ച്ഭാഷയോടും സംസ്കാര
ത്തോടും മയ്യഴിക്കാർക്കുള്ള ബോധം തികച്ചും അധിനിവേശ പ്രത്യയ
ശാസ്ത്രത്തിനകത്ത് നിർമ്മിച്ചെടുത്തതാണ് എന്ന് പറയാം.

**ഉപസംഹാരം**

1.ഫ്രഞ്ചുകാരുമായി മയ്യഴിക്കാർക്കുണ്ടായിരുന്ന ബന്ധത്തിന്റെ ഫല
മായാണ് ഫ്രഞ്ച്-മലയാള ഭാഷാഭേദം ഉണ്ടായിരുന്നത്. ഇതിന്റെ ഫല
മായി നിരവധിയായ ഫ്രഞ്ച് പദങ്ങളും രൂപങ്ങളും മലയാളത്തിലെത്തി
ച്ചേർന്നു.

2.കോളനിയാനന്തര മയ്യഴി സമൂഹത്തിലെ ഭാഷാമനോഭാവം ഫ്രഞ്ച്
ഭാഷക്ക്ഉന്നതപദവി കല്പിക്കുന്നുണ്ട്. ഫ്രഞ്ച് ഭാഷാ ഉപയോഗം കു
റഞ്ഞുവരുമ്പോഴും മനോഭാവം ഫ്രഞ്ചിന് അനുകൂലമാകുന്നത് അധി
നിവേശശക്തികൾ നിർമ്മിച്ചെടുത്ത മയ്യഴിക്കാരുടെ സാമാന്യബോധവും
സാംസ്കാരിക അധീശത്വവും ഇന്നും നിലനിക്കുന്നതിനാലാണ്.

3.പദതലത്തിലും ഉച്ചാരണതലത്തിലും ഫ്രഞ്ച് ഭാഷ ഇന്നും മയ്യഴിഭാ
ഷാഭേദത്തിലൂടെ മലയാളത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നുണ്ട്. മയ്യ
ഴിയിലെ ഫ്രഞ്ച് പൗരന്മാരുടെയും ഇന്ത്യാക്കാരുടെയും സ്വത്വം നിർണ്ണ
യിക്കുന്നതിൽ ഫ്രഞ്ച് ഭാഷക്ക് പ്രധാന പങ്കുണ്ട്.

**ഗ്രന്ഥസൂചി**

1.ഉഷാനമ്പൂതിരിപ്പാട്, 1990, സാമൂഹികഭാഷാശാസ്ത്രം, തിരുവന്ത
പുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2.ഗിരീഷ്. പി.എം, 2001, അധികാരവും ഭാഷയും, കോഴിക്കോട്: പാപ്പി
യോൺ.
3.ഗംഗാധരൻ. സി.എച്ച്, 2002, മയ്യഴി, മാഹി :ബുക്ക് സ്ക്വയർ
4.പോൾമണലിൽ, 2006, കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾ, കോ
ഴിക്കോട്: മാതൃഭൂമി ബുക്ക്സ്.

5.പണിക്കർ. കെ.എൻ,2006, കൊളോണിയലിസം സംസ്കാരം, തിരുവനന്തപുരം:ചിന്ത പബ്ലിക്കേഷൻസ്.
6.സ്കറിയാസക്കറിയ(എഡി:), 1995, തലശ്ശേരിരേഖകൾ ചങ്ങനാശ്ശേരി :കേരളപഠനകേന്ദ്രം.
7.സുനിൽ. പി. ഇളയിടം, 2007, സാംസ്കാരിക വിമർശനം:മാർക്സിസ്റ്റ് പാഠങ്ങൾ സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, കാലടി മലയാള പഠന സംഘം.

**ആനുകാലികങ്ങൾ**

1.രാഘവൻ മംഗലാട്ട്, 1955, മലയാളത്തിലെ ഫ്രഞ്ച് പദങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് - 4. **English**
1.Baba, Homi. K, 1995, *The location of culture* , London: tavistook.
2.Labov. W 1996, *The social stratification of Englsh in New York city* , Washington DC: Center for applied linguistics.

# പുതുകവിത: ശിഥിലബിംബങ്ങളുടെ സുഘടിത നിർമ്മിതി

റീന എ എം
മലയാളവിഭാഗം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്

മലയാള കവിതയുടെ പൊതുവേ കവിതയുടെ തന്നെ ആരംഭകാലം വിവരണപ്രധാനമായിരുന്നു. സംഭവങ്ങളെ, ദൃശ്യങ്ങളെ, കാണുന്നതുപോലെ വിസ്തരിച്ച് താളത്തിൽ പറഞ്ഞാൽ തന്നെ കവിതയായി. ഈ ഗ്രാമ്യമായ കാലം പെട്ടന്നവസാനിച്ച് ഉൽപ്രേക്ഷാദി പ്രമുഖ അലങ്കാരങ്ങളെ ഉപയോഗിച്ച് വർത്തമാന കാഴ്ചയെ ആർജ്ജിത അനുഭവവുമായി താരതമ്യം ചെയ്യുന്നതിലൂടെ കവിതയ്ക്ക് വ്യക്ത്യാധിഷ്ഠിത വായനാനുഭവം സൃഷ്ടിയ്ക്കാനുള്ള കഴിവ് സിദ്ധിച്ചു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇവിടെ മുതലാണ് യഥാർത്ഥത്തിൽ 'കവിത' ആരംഭിയ്ക്കുന്നത്. ഉപമാനങ്ങളെ വൈകാതെ തന്നെ അളവുതൂക്കങ്ങൾ വെച്ച് നിജപ്പെടുത്തി. അപ്പോൾ ഉപമാനങ്ങൾ പ്രഖ്യാതങ്ങളായി. ഉപമാനങ്ങൾ പ്രകൃതിയിലെ വിവിധ സുന്ദര വസ്തുക്കളോ വ്യോമദൃശ്യങ്ങളോ സാദൃശ്യത്തിന് സ്ഥിരമായി തിരഞ്ഞെടുക്കപ്പെട്ടു. ഒറ്റക്കല്ലിൽ അഥവാ ഒരേ പരിസരത്തിലുള്ള ഉപമാനങ്ങളെ സ്ഥിരോപയോഗത്താൽ ബിംബങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. ഇവയെ ചിട്ടയായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കവിതാഖ്യാനരീതി പ്രയോജനപ്പെടുത്തിയ ഒരു മൂന്നാം ഘട്ടവുമുണ്ടായിരുന്നു. ആധുനികത പലവർണത്തിലും വലുപ്പത്തിലുമുള്ള ഇഷ്ടികകൊണ്ടു പണിത ഒരു വീടായി കവിതയ്ക്ക്. ആധുനികത ആശയതലത്തിലുള്ള കവിതയുടെ അടരിനെയാണ് പരിഷ്കരിച്ചത്. എന്നാൽ അത്യാന്താധുനികതയും കടന്ന് ഉത്തരാധുനികത വാക്കെന്ന പാളിയെക്കൂടി പരിഷ്കരിച്ചു. ഈ കൈക്രിയകൾക്കെല്ലാം ഒടുവിൽ സംഭവിച്ചതത്രെ പുതുകവിത. മലയാള കവിതയുടെ ഏകശിലാബിംബങ്ങളെ താലോലിയ്ക്കുന്ന പ്രവണതയെ, വാഗർത്ഥങ്ങളിലുള്ള കൃത്യതയെ മൃദുശിൽപ ചാതുര്യത്തെ ഒക്കെ താലോലിച്ചു പോന്നിട്ടുള്ള ഒരു ദൃഢപൂർവ്വഘട്ടം നമ്മുടെ ഭാഷയ്ക്കുണ്ട്.

ആധുനികതയുടെ മുഖമുദ്ര ആത്മയാനമായിരുന്നു. എന്നാൽ മിസ്റ്റിക്കിന്റെ ഏകാഗ്രവും സുഘടിതവുമായ ആത്മാന്വേഷണമല്ല. ഈണവും താളവും കളയാൻ അവർ മുതിർന്നില്ല. അവയെ സ്വന്തം വരുതിയിൽ സ്വയം സൃഷ്ടിയായി നിർത്താൻ അവർ ശ്രദ്ധിച്ചു. എന്നാൽ ബിംബഘടനയിൽ ഒട്ടേറെ അളവിൽ കലഹിച്ചു കൊണ്ടിരുന്നു. തീവ്രമായ ഈ കലഹം ഉൽപാദിപ്പിച്ച ചില കവിതാഭാഗങ്ങൾ പരിശോധിച്ചു നോക്കാം.

"പറയുവാനുണ്ടു പണ്ടുപൊൻ ചെമ്പകം പൂത്ത
കരളുപണ്ടേ കരിഞ്ഞുപോയെങ്കിലും,
കറ പിടിച്ചൊരെൻ ചുണ്ടിൽത്തുളുമ്പുവാൻ
കവിതപോലും വരണ്ടു പോയെങ്കിലും.
ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്ത രോദനം
സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും.
കനകമൈലാഞ്ചി നീരിൽത്തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു ചുരന്നതും,
നെടിയ കണ്ണിലെക്കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും,
മറവിയിൽ മാഞ്ഞുപോയ നിൻ കുങ്കുമ-
ത്തരി പുരണ്ട ചിദംബരസന്ധ്യകൾ." (സന്ദർശനം-ചുള്ളിക്കാട്)

"ഏതോ കുഗ്രാമത്തിൽ
തറയോടുകൾ തമ്മിൽത്തല്ലിയകന്നൊരു തറവാട്ടിൽ
മേലോടുകൾ മണ്ണിലിടിഞ്ഞു മഹത്വം ചൊല്ലും തറവാട്ടിൽ
അമ്മ മരിച്ചന്നുച്ഛനുപേക്ഷിച്ചെന്നും
ദുഃഖം നെയ്ത്തിരിയാക്കി വിളക്കു കൊളുത്തി
വിളക്കായെരിയും പെണ്ണൊരു പ്രാർത്ഥന." (പുരുഷസൂക്തം-കടമ്മനിട്ട)

"കൊട്ടാരം വിട്ടിറങ്ങിത്തിരിക്കുന്ന രാജകുമാരനെ
തിരിച്ചു വിളിയ്ക്കരുത്.
രോഗവും ദാരിദ്ര്യവും മരണവും
അവനെ ആൽച്ചുവട്ടിലേയ്ക്കു വിളിക്കുന്നുവെങ്കിൽ മാത്രം
ആ ആലിൻപൊത്തിൽ വിഷം പുരട്ടിയ
ഒരമ്പു കൊണ്ടു വച്ചേക്കുക:
ദുഃഖത്തെ എയ്തുവീഴ്ത്താനാവുന്നില്ലെങ്കിൽ
അവനെ അവനെത്തന്നെയെങ്കിലും എയ്തുവീഴ്ത്തി
ലോകത്തെ മുണ്ഡനത്തിൽ നിന്നു മോചിപ്പിയ്ക്കട്ടെ." (പനി-സച്ചിദാനന്ദൻ)

നാമം, ക്രിയ, ഭേദകം എന്നിവയെ ചേർത്തുള്ള പദനിർമ്മിതിയെ, പ്രഖ്യാതമായ അർത്ഥങ്ങളെ തകിടം മറിയ്ക്കാൻ ആധുനിക കവിതയ്ക്ക് സാധിക്കുന്നുണ്ട്.

ഉദാ: സ്മരണതൻ ദൂരസാഗരം, വിരൽ തൊടുമ്പോൾ കിനാവു ചുര

ന്നതും, കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ കിരണം, കുങ്കുമത്തരി പുരണ്ട ചിദംബരസന്ധ്യകൾ.

പദവേരുകൾ പൂർവവോത്തരപദങ്ങളുടെ അർത്ഥത്തെ നിർവീര്യമാക്കിക്കൊണ്ടാണ് പുതിയ അർത്ഥങ്ങളെ ഉൽപാദിപ്പിച്ചെടുക്കുന്നത്. അനുഭവങ്ങളെ ആവിഷ്കരിക്കുന്നതിൽ നവ്യമായൊരു മൂർച്ചയുള്ളൊരു ഭാഷ സൃഷ്ടിച്ചെടുക്കാൻ പൊതുവെ ആധുനികതയ്ക്കും അത്യാധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും സാധിച്ചിട്ടുണ്ട്. ആധുനികത ബാഹ്യ ചാതുര്യതയെ വിട്ട് അകക്കാമ്പിൽ പദമൂന്നാൻ തുടങ്ങിയപ്പോൾ മാറിയ ഭാവുകത്വത്തെ അന്ധാളിപ്പോടെ കൊള്ളുകയും തള്ളുകയും ചെയ്തു എങ്കിലും മധ്യദൂര ദൃശ്യങ്ങളുടെ ആകർഷണീയത അഥവാ ഭംഗി ആധുനിക കവിതയ്ക്കുണ്ടായിരുന്നു. ഒരു മധ്യവയസ്സിന്റെ പ്രൗഢിയും

"അന്നവുമായ്
അടുപ്പിലെരിയുന്നു
മൺകലം.
വിറകുകൾ കെടുമ്പോൾ വേർപെടുന്നു.
അമ്മയ്ക്ക് വിശക്കുന്നുവോയെന്ന്
ചോദിച്ചില്ല.
നീ വളരുന്നത്
എന്റെ തീവയറ്റിലെ
ചോറിലൂടെ." (കാലം ഘടികാലം-എ അയ്യപ്പൻ)

സച്ചിദാനന്ദനിൽ തുടങ്ങിയ ഉത്തരാധുനികതയുടെ പ്രവാഹം അയ്യപ്പനിൽ പടർന്ന് പുതുകവിതയിലേയ്ക്കൊഴുകി. എല്ലാം മാറിയത് പെട്ടെന്നായിരുന്നു. ജീവിതരീതി, പ്രശ്നങ്ങളോടും വസ്തുക്കളോടുമുള്ള കാഴ്ചപ്പാട്, പെരുമാറ്റരീതി തുടങ്ങി എല്ലാം. ഒന്നിമവെട്ടിയപ്പോഴേക്കും മാറിപ്പോയിരുന്നു. ഓരോ കണ്ണടച്ചു തുറക്കലിലും കാണുന്ന കാഴ്ചകൾ പുതുതായിക്കൊണ്ടിരുന്നു. സാങ്കേതിക വിദ്യയുടെ പ്രകാശവേഗത്തിലായിരുന്നു.

"മുത്തശ്ശി പറഞ്ഞ കേരള ഇന്ത്യയിലായിരുന്നു.
എന്നാലിന്ന് ഞാനുള്ള കേരളം യൂറോപ്പിലാണ്."
-ജസ്‌ലിൻ ജമാൽ. എം വി-വെള്ളിയൂർ എ യു പി സ്കൂൾ

എന്നിങ്ങനെ കൊച്ചുകുഞ്ഞുങ്ങൾ വരെ വരച്ചിടുന്നുണ്ട് ഈ മാറ്റത്തെ. കാപ്പികുടിയ്ക്കുന്നതിനു മുമ്പുള്ള സംസ്കാരം കാപ്പികുടിച്ചു കഴിയുമ്പോഴേക്കും തിരിച്ചറിയാനാവാത്തവിധം മാറിക്കഴിഞ്ഞിരുന്നു. ഇതിന്റെ അനുരണനങ്ങൾ ഒറ്റമരങ്ങളായി ചെറുപൂരങ്ങളായി കവിതയിലുമുണ്ടായി. പുതുകവിത എന്ന ഏകോദ്ധരണയ്ക്ക് കീഴിൽ അവ നിരന്നു.

നൂറും പൂവും കബന്ധവും കൂട്ടിക്കുഴച്ച കോക്ടെയിൽ കവിതകൾ വായനയുടെ തീൻമേശയിലെ വിഭവങ്ങളായി. ഉച്ഛിഷ്ടങ്ങൾ ഭക്ഷ്യവസ്തുക്കളായതിലെ അസ്കിത പഴയ തലമുറ പ്രകടിപ്പിയ്ക്കാതിരുന്നില്ല. വർണ്ണങ്ങളുടെയും ദൃശ്യങ്ങളുടെയും അസ്വാഭാവിക ചേരുവകയിൽ

പുതിയൊരു ദാർശനികഭാവ്യ സൃഷ്ടിക്കപ്പെട്ടു. പതിത്വം കൽപ്പിച്ചിരുന്ന തെല്ലാം പശ്ചാത്തലമായി കവിതയുടെ കവാടിയിൽ നിരന്നു.

ആധുനികത പൗരാണികതയും ഗൃഹാതുരത്വമുണർത്തുന്ന സ്മരണയുമായി മാറുന്നു പുതുകവിതകളിൽ. ഉപേക്ഷിച്ചിട്ടും തലനാ ഴിട്ടും കുടഞ്ഞു കളയാനാവാത്ത കൗമാരം കവിതയുടെ ചിതറിയ പളുങ്കു കഷ്ണങ്ങളിൽ നിശ്ചലചിത്രമായി പ്രതിബിംബിക്കുന്നു.

"ദേശം മാറി വീട് കൂടിയപ്പോൾ കൈമാറി വീട്ടിൽ ബാക്കിയായത് അപ്പൻ, അനിയൻ, ബാല്യം കൗമാരം, അമർചിത്രകഥകൾ, ജെയിംസ് ഹാഡ്‌ലി ചേയ്സ്. പിന്നെ കുളിമുറിത്തട്ടിൽ ലേബൽ അലിഞ്ഞ് മുഷി തുരുമ്പിച്ച ഒരു ചെറിയ കുപ്പി ഡെറ്റോൾ. ഇന്ന് ടിൻ ബ്ലേഡിൽ മുഖം മിനുക്കി ഞാൻ എന്റെ അച്ഛനായപ്പോൾ റിമോട്ട് കൺട്രോൾ കാറിന്റെ ഏരിയയിൽ പോറി മകന്റെ മുഖം മുറിഞ്ഞപ്പോൾ വീട്ടിലും മനസ്സിലും മജ്ജയിലും മാംസത്തിലും വീണ്ടും നിറഞ്ഞു. ഓർമ്മകളുടെ തീക്ഷ്ണഗന്ധം പേറി ഡെറ്റോൾ.

(ഡെറ്റോൾ-ആർ. വേണുഗോപാൽ)

പുതുകവിതയുടെ സ്ഥായിയാ ദശ കൗമാരമാണ്. ദ്രുതവും അസ്ഥിരവുമായ സ്വത്വം സ്വാംശീകരിക്കുന്ന ഭാഗികദൃശ്യങ്ങളുടെ വ്യാഖ്യാനക്ഷമത, അതിൽ നിന്നുൽപ്പന്നമാവുന്ന സമഗ്രത എന്നീ ഈടുവെപ്പുകളാണ് കൗമാരത്തിനുള്ളത്. കുരുടൻ ആനയെ കണ്ടതുപോലെ എന്നധിക്ഷേപിക്കാവുന്ന കാഴ്ചയാണ് പുതുകവിതയുടേത്. എന്നാൽ മൊണ്ടാഷിന്റെ സാംഗത്യം-ബോധപരിസ്ഫുരണ സാധ്യത കണ്ടറിഞ്ഞയാളാണ് ആ കവി.

"വാനിനുള്ളിൽ ഞെങ്ങി ഞെരുങ്ങി അപ്പുവും കൂട്ടരും ചില്ലിലൂടെ പായുന്ന ദൃശ്യങ്ങൾക്കുമേൽ മഴ പെയ്തപോൽ അപ്പുവിന്റെ കണ്ണുനീർ ഷൂസൂരാൻ മറ്റൊരു ശ്രമം വാൻ ഡ്രൈവറുടെ ആക്രോശം കൂട്ടുകാരുടെ കളിയാക്കിച്ചിരി അപ്പുവാറ്റയ്ക്കായി പാട്ട് കേട്ടില്ല, താളമടിച്ചില്ല പൊട്ടിച്ചിരിച്ചില്ല അപ്പുവൊറ്റയ്ക്കായി. മാലാഖകളുടെ താരാട്ട് കേട്ട് കണ്ണടച്ച് ആറുമണിയ്ക്ക് മുറിഞ്ഞ നിദ്രയെ വീണ്ടും പുണർന്നു."

(രണ്ടു കുഞ്ഞുങ്ങൾ-ആർ വേണുഗോപാൽ)

ബധിര കർണങ്ങളുടെ മുദ്രപൊട്ടിയ്ക്കാനുള്ള കൂർത്ത അരുളപ്പാടുകൾ, എടുത്തണിഞ്ഞ പാകമാവാത്ത നാഗരിക മേലങ്കി പൊക്കി, ഗ്രാമീണന്റെ കർണപുടത്തിൽ പ്രകമ്പനം കൊള്ളിച്ചു കൊണ്ടേയിരിക്കുക ഇതാണ് പുതുകവി തെരഞ്ഞെടുത്ത ഒരു വഴി. കാഴ്ചപ്പുറത്തെങ്കിലും കാണാമറയത്തേക്കു മാറ്റി കാഴ്ചയെ ഉറപ്പിച്ച് നാം നടന്നു പോവുമ്പോൾ എല്ലാം വാരി നമ്മുടെ മണ്ണിലേയക്കിട്ട് നമ്മെ അലോസരപ്പെടുത്തി ഇയാൾ വിഡ്ഢിച്ചിരി ചിരിയ്ക്കും.

നാഗരികത എന്ന കുഷ്ഠം നിങ്ങളുടെ സിരകളെയും അതിശീതീകൃതമായ മരവിപ്പിൽ നിർത്തുമ്പോൾ തുരുമ്പിച്ച പേനാക്കത്തികൊണ്ട് ഇയാൾ കോറിക്കൊണ്ടേയിരിക്കും നമ്മുടെ ഹൃദയത്തെ.

"നികത്തിയ പാടങ്ങളിൽ പട്ടിക്കൂടുകൾ ഒന്നിൻമേലെ ഒന്നായി

പണിത്, തെളിഞ്ഞു നിൽക്കുന്ന നിന്റെ
ഈ നഗരമുണ്ടല്ലോ
നീ നിക്കായി മാത്രം ജീവിക്കുന്ന ഈ നഗരം എനിയ്ക്ക് വെറുപ്പാണ്.
അടുത്ത വിസ്കി പറയാൻ വരട്ടെ മീശയില്ലാത്തവനേ
ഇനിയാണ് എന്റെ കഥ നിന്റെ
മുഖത്ത് അടിയ്ക്കാൻ പോകുന്നത്.
പകലിനെ ചവിട്ടിയടുക്കി നീ ബാറിൽ
പാഞ്ഞെത്തും മുൻപ്
യു ട്യൂബിൽ എത്ര അശ്ലീലചിത്രം കണ്ടു
നാടൻ വിഭാഗം തന്നെയുണ്ടല്ലോ, സൗകര്യമല്ലേ?
മുലഞെട്ടിൽ ലിപ്സ്റ്റിക് പുരട്ടി നാണത്തോടെ
ചിരിക്കുന്ന ഒരു പാവം പെണ്ണിനെ
പ്രത്യേകം ശ്രദ്ധിച്ച് കാണുമല്ലോ
വിളിക്കാവുന്നവരെ എല്ലാം ക്ഷണിച്ച് നീ
കാണിക്കാനും മറന്നില്ലല്ലോ.
സഹകുടിയൻ ആയതുകൊണ്ട് പറയാം.
അവളില്ലേ. ഇന്നത്തെ സ്പെഷ്യൽ, അതെന്റെ പെങ്ങളാണ്
എന്റെ പുറകെ കരഞ്ഞ് തൂങ്ങി നടന്നവൾ
കോമ്പസ്കൊണ്ട് കുത്തിയ ചെറിയവനെ
പെൻസിൽ കൊണ്ട് കുത്തി
ഞാൻ സംരക്ഷിച്ചവൾ."

**(ഈ ഗോളത്തിൽ ഒരനിയത്തി-ആർ.വേണുഗോപാൽ)**

ഇങ്ങനെ ഇ-നാഗരികന്റെ മുഖത്ത് നിരന്തരം പ്രഹരിച്ചുകൊണ്ടിരിക്കുകയാണ് കവി.

കുലയ്ക്കാനാവാത്രയംബകമായ രൂപകാതിശയോക്തിയെ അനായാസം എടുത്തു കുലച്ച് അസ്വാരസ്യത്തിന്റെ കൂരമ്പുകൾ ഇവർ നമ്മുടെ മേധയെയും മേദസ്സിനെയും മുറിപ്പെടുത്തിക്കൊണ്ടേയിരിക്കും. സൂക്ഷിയ്ക്കുക.

മരണം ആഘോഷവും ആറിത്തീരാത്ത കണ്ണീരുമായി നവോത്ഥാനാനന്തര തലമുറ കൊണ്ടാടിയിട്ടുണ്ട്. കൊലപാതകങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും വാർത്തകൾ ഉറക്കെവായിച്ച് മണ്ണടിഞ്ഞുപോയ ഒരു തലമുറ നമുക്കു മുമ്പേയുണ്ട്. ഇന്ന് താദൃശവാർത്തകൾ ഏറെയെങ്കിലും ഭാവവിപര്യയം വന്ന വായനയോ, ഒരെത്തിനോട്ടത്തിൽ അതു ഞാനല്ലെന്ന തിരിച്ചറിവിൽ കൈവന്ന ആഹ്ലാദമോ മാത്രമായ വർത്തമാന ഭൂമികയിൽ, മരണം അനാവശ്യമായ ഒരാർഭാടമാണ്.

"പാളത്തിനരികിലൂടെ നടക്കുമ്പോൾ
ആദിത്യൻ പറഞ്ഞു
അമ്മേ ഒരു ട്രെയിനിന്റെ ചൂളം വിളി
അതാകുമോ നമ്മുടെ എക്സ്പ്രസ്?
അയ്യോ നമ്മളെത്തും മുൻപ്

അതെന്തുമോ സ്റ്റേഷനിൽ?
ആദിത്യനും അതിരഥനും കവിളിൽ
ഉമ്മ നൽകിയപ്പോൾ
സ്വർണലതയുടെ ചുണ്ടുകളിൽ
ചോക്ലേറ്റിന്റെ മധുരം.
എക്സ്പ്രസ് വരും മുൻപ് പാളം കുറുകെ കടക്കാം
കുഞ്ഞുങ്ങളേ
അല്ലെങ്കിൽ പാളത്തിൽ ഇരിയ്ക്കാം
അതിലും നല്ലത് പാളത്തിൽ കിടന്നാലോ
അമ്മയുടെ ചക്കരക്കുടങ്ങളേ.
ആദിത്യനെന്നും അതിരഥനെന്നും
സ്നേഹിച്ച് സ്നേഹിച്ച്
സഞ്ജയന്റെ ചെവിയിൽ പേരു വിളിച്ച
എന്റെ വെണ്ണക്കുഞ്ഞുങ്ങളേ.
ആഗ്രഹമില്ലെങ്കിലും നമ്മോട് പറയാതെ
യാത്രപോയ അച്ഛനെ കാണണ്ടേ മക്കളേ
അയ്യോ എന്നാരും വിളിക്കും മുൻപേ പാളം
കടന്നുപോയി സ്വയംവരം എക്സ്പ്രസ്.
സ്വർണലതയും ആദിത്യനും അതിരഥനും
ത്രീ ടയർ എ സി കമ്പിളി പുതച്ച്
സുഖമായി ഉറങ്ങി.
പുലർച്ചയെത്തും സ്വയംവരം എക്സ്പ്രസ്
സഞ്ജയൻ കാത്തുനിൽക്കും
മഞ്ഞ് മൂടിയ ആ ചെറിയ റയിൽവേ സ്റ്റേഷനിൽ".

(സ്വയംവരം എക്സ്പ്രസ്-ആർ വേണുഗോപാൽ)

കമ്പോളത്തിൽ നിന്നു വാങ്ങുമ്പോൾ നമ്മുടെ കയ്യിലേൽക്കുന്ന സർപ്പദംശനമാണ് ഓരോ പുതുകവിതയും. വായിച്ചുപോയാൽ അത് നമ്മിലടിഞ്ഞ മാരകവിഷത്തെ നിർവ്വീര്യമാക്കിയാലോ! കണ്ണുകൊണ്ടത് തിനെ തൊടാതിരിക്കുക.

"ഓഫീസിലെന്റെ സഹപ്രവർത്തക കൂടുതൽ അടുപ്പം കാട്ടിത്തുടങ്ങിയപ്പോൾ ഭാര്യ വളർത്താൻ തുടങ്ങി ഒരു ചേരയെ കുട്ടി ഷൂസിന്റെയും കളിപ്പാട്ടത്തിന്റെയും ഇടയിലൂടെ ഉപദ്രവിയ്ക്കാതെ, എന്നാൽ ഭയപ്പെടുത്തി ചേര ഇഴഞ്ഞു. വളഞ്ഞ് പുളഞ്ഞു, പാലും പഴങ്കഞ്ഞിയും നുണഞ്ഞു. രാത്രിയിൽ നീലവെളിച്ചം പരത്തി മൊബൈൽ കൂടുതൽ ശബ്ദിച്ചപ്പോൾ നിലാവിൽ ചേരയ്ക്ക് സ്വർണത്തിളക്കം. ഉള്ളർത്തുപാട്ടായി എസ്.എം.എസ്സുകളുടെ വരവു കൂടിയായപ്പോൾ ചേര വഴിമാറി കരിമൂർഖൻ." (ചേരയ്ക്കു പകരം വന്ന പാമ്പ്-ആർ വേണുഗോപാൽ)

സംവാദങ്ങളോ കലഹങ്ങളോ അല്ല ആർ വേണുഗോപാലിന് കവിത. താൻ ജീവിച്ചിരിയ്ക്കുന്ന കാലത്തെ പരിഷ്കരിക്കുക എന് കവിയുടെ ജന്മഹേതു കത്തി ഏറിലും ചാട്ടുളിയുടെ മിനുത്ത മൂർച്ചയിലും ഒതുക്കി വെയ്ക്കാൻ ഇയാൾ ശ്രദ്ധിക്കുന്നു. മലീമസമായ കാഴ്ചകൾ

മുറിവേൽപ്പിക്കാതെ തന്നെ ചെയ്യും. അറിയാതെയുള്ള ഓരോ വിരൽസ്പർശത്തിലും പച്ചയായ ആ മുറിവ് വേദനിച്ചുകൊണ്ടേയിരിക്കും. ഈ നൊമ്പരപ്പെടുത്തലാണ് ആർ. വേണുഗോപാലിന്റെ സാമൂഹ്യപ്രതിബദ്ധത. അതാണ് പുതുകവികളിൽ നിന്ന് അദ്ദേഹത്തിനുള്ള വ്യതിരിക്തതയും. "നഗരകാവ്യം" അവസാനിക്കുന്നതിങ്ങനെയാണ്.

"പത്രവാർത്തയുടെ വരികൾക്കിടയിൽ നിന്നും
വരുന്ന രാജ്യത്തിന്റെ നാറുന്ന
അടിവയറിനെക്കുറിച്ച്
ആരും വായിച്ചറിഞ്ഞില്ല"!

ഏതു വിലകൂടിയ സെന്റിനും നമ്മെ പൊതിഞ്ഞ ഈ ദുർഗന്ധത്തെ ഇല്ലാതാക്കാനാവില്ല.

സ്വാഭാവികമായ ഒരശ്രദ്ധയുടെ ഭാഗമായി എവിടെയും സംഭവിയ്ക്കാവുന്ന ദുരന്തത്തിന്റെ കഥയാണ് 'രണ്ടു കുഞ്ഞുങ്ങൾ'. എന്നാൽ സാമൂഹ്യ പ്രതിഷേധത്തിന്റെ ഒരു കുഞ്ഞണലി അടിച്ചമർത്തപ്പെടുമ്പോഴും ഉഗ്രവിഷം ചീറ്റുന്ന ഒരു പ്രതിരോധകാലത്തെ സൃഷ്ടിയ്ക്കപ്പെടുന്നു. ഈ കവിതയിൽ ഇഷ്ടമില്ലാതെയാണ് രണ്ടു കുഞ്ഞുങ്ങളും തങ്ങളുടെ കർമ്മങ്ങൾ ചെയ്യുന്നത്. സോക്സിലും വാനിലും അവരകപ്പെടുന്നതങ്ങനെയാണ്. രണ്ടു കുഞ്ഞുങ്ങൾക്കും ഒരേ പരിഗണന നൽകുന്ന പരിസ്ഥിതിബോധമാണ് കവി സൂക്ഷിയ്ക്കുന്നത്. രണ്ടു കുഞ്ഞുങ്ങൾക്കും ഒരേ പരിഗണന നൽകുന്ന പരിസ്ഥിതിബോധമാണ് കവി സൂക്ഷിയ്ക്കുന്നത്. മണ്ണുമാന്തികൾ മാന്തിക്കീറിയ കുഞ്ഞണലിയുടെ ബാല്യവും സാമൂഹ്യ വിരുദ്ധരെ സൃഷ്ടിക്കുന്ന ഒരു കയറ്റുമതി വിദ്യാഭ്യാസം തകർക്കുന്ന കുഞ്ഞുങ്ങളുടെ ബാല്യവും ദയനീയമായ പര്യവസാനിക്കുകയാണ് കവിതയിൽ.

ഇങ്ങനെ പരിസ്ഥിതി ചൂഷണം, സങ്കീർണമായ വിദ്യാഭ്യാസം, അടിച്ചമർത്തപ്പെട്ടവന്റെ പ്രതിരോധം, മധ്യവർഗത്തിന്റെ പൊങ്ങച്ചം തുടങ്ങിയവയെ ഉമിത്തീയിലേക്ക് നീറ്റിപ്പടർത്തുകയാണ് ആർ. വേണുഗോപാൽ. വേദനയിൽ അടക്കിപ്പിടിക്കുന്ന പ്രതിഷേധമാണ് വേണുഗോപാലിന്റെ കവിത.

ഉദ്ബോധനം പുതുകവിതയുടെ സങ്കേതമല്ല. ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കുക. ചൊറിഞ്ഞും മാന്തിയും കണ്ണിൽ കുത്തിയും കയ്യേടുത്തെറിഞ്ഞും ശ്വാസം മുട്ടുവോളം തല വെള്ളത്തിൽ മുക്കിപ്പിടിച്ചും പുതുകവിത നമ്മെ ശല്യപ്പെടുത്തിക്കൊണ്ടേയിരിക്കും. കാണരുതെന്നു കരുതി നാം കണ്ടില്ലെന്നു നടിച്ച നമ്മുടെ ദുഷിപ്പുകൾകൊണ്ട് നമുക്കവർ മൃഷ്ടാന്നം തീർക്കും. ജീവിതത്തിന്റെ നിരർത്ഥകത നിരന്തരം ഓർമ്മിപ്പിക്കപ്പെടും.

"പിള്ളേര് ആറെണ്ണമുള്ളതിൽ
ഇളയവൻ ചത്തെന്നും
മൂത്ത പെങ്കൊച്ചിനെ
കാണാനില്ലെന്നും" (നഗരകാവ്യം)

## സ്ത്രീ സർഗാത്മകതയും നവോത്ഥാനവും

ഡോ. സജിത കിഴിനപ്പുറത്ത്
അസിസ്റ്റന്റ് പ്രൊഫ., മലയാളവിഭാഗം ഗവ. ആർട്സ് ആന്റ്
സയൻസ് കോളേജ്, കോഴിക്കോട്

കേരളത്തിലെ പരമ്പരാഗത മലയാളിസമൂഹത്തിൽ സ്ത്രീ സമൂഹത്തിന് പൊതുവിൽ ബാധകമാവുന്ന ഒരു സ്ത്രീ സങ്കല്പം ഉണ്ടായിരുന്നില്ല. പലതരം ആവശ്യങ്ങളിലാണ് പലവിഭാഗം സ്ത്രീകൾ പ്രവർത്തിച്ചിരുന്നത്. 19-ാം ശതകത്തിന്റെ അവസാനവും 20-ാം ശതകത്തിന്റെ ആദ്യദശകങ്ങളും എന്തു തരം അനുഗ്രഹങ്ങളാണ് സ്ത്രീകളിൽ സൃഷ്ടിക്കപ്പെട്ടത്? പുരുഷ കേന്ദ്രമായിരുന്ന സ്ത്രീ ശരീരത്തിനു മേലുള്ള സ്വയം നിർണയാവകാശത്തിനു വേണ്ടിയുള്ള ശ്രമങ്ങളാണ് ഇവയിൽ പ്രധാനം അധഃസ്ഥിത സ്ത്രീകൾ കല്ലയും മാലയും സ്വശരീരത്തിൽ അണിയില്ലെന്നും ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുമെന്നും നമ്പൂതിരി സ്ത്രീകൾ ഘോഷ ബഹിഷ്ക്കരിക്കുമെന്നും പറയുന്നതിലൂടെ സ്ത്രീ ശരീരം രാഷ്ട്രീയശരീരമായിത്തീരുകയാണ് ചെയ്തത്. ഈ ശരീരത്തിനുമേലുള്ള അങ്ങേയറ്റത്തെ സ്വതന്ത്രാവിഷ്ക്കാരമായിരുന്നു കുറിയേടത്ത് താത്രിയുടേത് ശരീരത്തിനു മേലുള്ള പാരമ്പര്യാധികാരങ്ങളെ കുടഞ്ഞുകളയുന്ന സർഗാത്മതയായി അതു മാറി. സ്ത്രീ ലൈംഗികത പുരുഷ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട വിക്ഷുബ്ധമായ സന്ദർഭമായിരുന്നു അത്. നഗ്നതയ്ക്കെതിരെയുള്ള സമരമായല്ല പുരുഷാധികാര നിർമ്മിതമായ സ്ത്രീ ശരീരങ്ങളുടെ സ്വയം നിർണയാവകാശത്തിനുള്ള വാഞ്ഛയായാണ് ഇവ വിലയിരുത്തപ്പെടേണ്ടത്. മാറു മറയ്ക്കാത്തതുകൊണ്ട് ഒരു നഗ്നതയും അക്കാലത്തെ സ്ത്രീകൾ അനുഭവിച്ചിരുന്നില്ല.

മറ്റൊരു സുപ്രധാന ചലനം നടക്കുന്നത് ചലന സ്വാതന്ത്ര്യത്തിന്റെ മേഖലയിലാണ്. ചലന സ്വാതന്ത്ര്യം ഏറ്റവും കുറഞ്ഞ ഒരു പ്രദേശമായിരുന്നു കേരളം അയിത്തമായിരുന്നു അതിന്റെ അടിത്തറ. നമ്പൂതി

മിയ്ക്കും പുലയനും ഒരുപോലെ ഇതു ബാധകം രണ്ടുപേരും ഇതു
ട്ടയപ്പെട്ടു. സ്ത്രീകളുടെ ചലനസ്ഥലം വീണ്ടും കൂടുതൽ ഇടുങ്ങിയ
തായിരുന്നു. വിധവകൾ, ഋതുമതികൾ, വിവാഹിതകൾ ഇവർക്കെല്ലാം
പലതരം വിലക്കുകൾ ഉണ്ടായിരുന്നു. താരതമ്യേന കീഴാള സ്ത്രീക
ളുടെ ചലന സ്വാതന്ത്ര്യം കൂടുതലായിരുന്നു. അതിനാൽ നമ്പൂതിരി
പ്രസ്ഥാനങ്ങൾ ഊന്നിയത് സ്ത്രീകളുടെ അഭ്യുദയത്തിനും ഗാർഹിക
സ്വാതന്ത്ര്യത്തിനുമായിരുന്നെങ്കിൽ അവർണ്ണ അധഃസ്ഥിത സ്ത്രീ
പ്രസ്ഥാനങ്ങൾ സാമൂഹ്യ ചലനാത്മകതയെ ഉന്നം വെച്ചാണ് പ്രവർത്തി
ച്ചത്. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്കു വരികയായിരുന്നു നമ്പൂ
തിരി സ്ത്രീകളെങ്കിൽ സാമുദായികാടിമത്വത്തിന്റെ ചിഹ്നമായ കല്ലയും
മാലയും ഉപേക്ഷിക്കുകയാണ് അധഃസ്ഥിത സ്ത്രീകൾ ചെയ്തത്. സാമൂ
ഹ്യമായ ഈ സ്ത്രീസ്ഥല നിർമ്മിതി സ്ത്രീകൾക്ക് നിൽക്കാനൊരു
പൊതുമണ്ഡലം സൃഷ്ടിക്കാൻ ശ്രമിച്ചു.

പുരുഷൻ മാത്രമുണ്ടായിരുന്ന അഥവാ സ്ത്രീയൊരു ലൈംഗിക
ശരീരം മാത്രമായിരുന്ന ഘട്ടത്തിൽ നിന്ന് ലിംഗവിഭജിതമായൊരു സാമൂ
ഹ്യകശരീരത്തെക്കുറിച്ചുള്ള ചിന്തകൾ നിർമ്മിക്കപ്പെട്ടത് നവോത്ഥാന
ഘട്ടത്തിലാണ്.

1913-ൽ തച്ചാട്ട് ദേവകിയമ്മ സ്ത്രീ വിദ്യാഭ്യസത്തിന്റെ ഉദ്ദേശം എന്ന
വിഷയത്തെക്കുറിച്ച് ചെയ് പ്രസംഗം നോക്കുക:-

സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേതരം വിദ്യാഭ്യാസം നൽകു
ന്നത് ആശാസ്യമല്ല. പ്രകൃതി ഇരുകൂട്ടരെയും ഒരേ ധർമ്മത്തിനല്ല
സൃഷ്ടിച്ചതെന്ന് അവരുടെ ശരീരം മാനസികാവസ്ഥ ബുദ്ധിപരമായ
കഴിവുകൾ എന്നിവയിൽ നിന്നു തെളിയുന്നുണ്ട്. സ്ത്രീയുടെ ശരീര
സ്ഥിതിയും മനഃസ്ഥിതിയും പരിശോധിച്ചാൽ കൂടുതൽ ശരീരശക്തി
വേണ്ടാത്ത, എന്നാൽ അധികം സഹനശക്തി ആവശ്യമുള്ള പ്രവൃത്തി
കൾക്കായാണ് അവൾ സൃഷ്ടിക്കപ്പെട്ടത്. പ്രായേണ സ്ത്രീയുടെ മനോ
ഘടന കോമളവും വേഗത്തിൽ പരിപക്വമാവുന്നതും ഭാവനാ പൂർണ്ണവും
വികാരങ്ങൾക്ക് വേഗം അടിമപ്പെടുന്നതും സൂക്ഷ്മ സ്ഥിതികളെ ഗ്രഹി
ക്കുന്നതും വേഗം ഇളകുന്നതുമാണ്. ദയ സ്നേഹം ക്ഷമ മുതലായ
ഗുണങ്ങളിൽ പുരുഷൻ സ്ത്രീയുടെ സമീപത്ത് ഒരിക്കലും എത്തില്ല.
(ദേവിക 75) അങ്ങേയറ്റം പുരുഷ മൂല്യങ്ങളാൽ നിർമ്മിക്കപ്പെട്ട ആശയ
ങ്ങളാണെങ്കിലും സ്ത്രീയെന്ന നിലയിലുള്ള സ്വത്വ നിർമ്മിതിയുടെ ഘട്ടം
താണ്ടുന്നതിന്റെ അടയാളങ്ങളാണിവ.

രണ്ടുതരം അച്ചടക്കങ്ങളിലൂടെയാണ് സ്ത്രീ സമൂഹം കടന്നു
പൊയ്ക്കൊണ്ടിരിക്കുന്നത്. ഒന്ന് മതജാതി ജീവിതത്തിന്റെ അച്ചടക്കം,
രണ്ട് പുരുഷാധിപത്യ സദാചാരത്തിന്റെ അച്ചടക്കം ഇത് രണ്ടും ആദ്യം
താത്വികമായും ആധികാരികമായും ലംഘിക്കപ്പെടുന്നത് നവോത്ഥാന
ഘട്ടത്തിലാണ്.

നെടുകെ പിളർന്ന സർഗ്ഗാത്മക ഭാവനകളാലാണ് നവോത്ഥാനാന
ന്തര കേരളം നിർമ്മിക്കപ്പെട്ടത്. ഗാർഹികതയുടെയും സ്ത്രീയാദർശ

ങ്ങളുടെയും സവർണ്ണ സ്ത്രീ ഭാവനകളായി വരമൊഴി പ്രസംഗസാഹിത്യവും കീഴാള അധഃസ്ഥിതി സ്ത്രീകളുടെ സാമൂഹ്യാസമത്വത്തിനെതിരിയുള്ള പ്രതിരോധങ്ങളുടെയും നിലവിളികളുടെയും ഭാവനാ ലോകമായി നാടോടി വാങ്മയങ്ങളുടെ അതിന്റെ ഒരു ചരിത്രം നോക്കാം.

'സാഹിത്യവാസനയുടെ കാര്യമെടുത്താലോ? സാഹിത്യവും കലാപ്രവർത്തനവും ദൈനംദിന ജീവിതത്തിൽ നിന്ന് വളരെയൊന്നും അകലെയല്ലാത്ത കാലമായിരുന്നു ഇതെന്ന് ഓർക്കേണ്ടതാണ്. വീടുകളിൽ സ്ത്രീകൾ കൈകൊട്ടിക്കളിപ്പാട്ടുകൾ പാടുകയും നിർമ്മിക്കുകയും ചെയ്തിരുന്നു. ഉയർന്ന ഇടത്തരം ജാതിക്കാരുടെ ഇടയിൽ കീഴാളജാതിക്കാരുടെ ഇടയിലെ ഗാന പ്രപഞ്ചത്തിന്റെ സൂക്ഷിപ്പുകാർ പലപ്പോഴും സ്ത്രീകളായിരുന്നു. എന്നാൽ വരേണ്യസാഹിത്യത്തിന്റെ മേഖലകളിലും ധാരാളം സ്ത്രീകളുണ്ടായിരുന്നു. ഇവിടത്തെ മേലാള ജാതികളിലെ സ്ത്രീകളിൽ പലരും സംസ്കൃതത്തിലും മലയാളത്തിലും നല്ല പാണ്ഡിത്യമുള്ളവരായിരുന്നു. അവർ ചമ്പുക്കളും കാവ്യങ്ങളും മറ്റും രചിക്കുകയും പുരുഷന്മാരായ കവികളുൾപ്പെട്ട സദസ്സുകളിൽ ശ്ലോകങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. 18-ാം നൂറ്റാണ്ടിലെ പേരുകേട്ട വിദുഷിയായിരുന്നു കോഴിക്കോട്ടെ മനോരമ തമ്പുരാട്ടി കാളിമാനൂർ ഉമാദേവി തമ്പുരാട്ടി (1797-1836) അംബാദേവി തമ്പുരാട്ടി (1802-1837) കൊച്ചിയിലെ ഇക്കാവമ്മ തമ്പുരാൻ (1844-1909) കുട്ടിക്കുഞ്ഞു തങ്കച്ചി തിരുവിതാംകൂറിലെ നഗർ കോവിൽ അമ്മച്ചി (1839-1909) ഇതു കൂടാതെ മറ്റു പലരുടെയും പേരുകൾ ആദ്യകാല സാഹിത്യ ചരിത്രങ്ങളിൽ കാണുന്നുണ്ട്. (ദേവിക 169).

നവോത്ഥാനകാലം അഥവാ 1888-ൽ ആരംഭിക്കുന്ന ആധുനിക കേരളത്തിന്റെ ഘട്ടം വരെ സ്ത്രീയെഴുത്തുകൾ പുരുഷനോളം വരില്ലെന്ന തീർപ്പുകളിൽ നിന്ന് വ്യത്യസ്തമായ തോട്ടക്കാട്ടെ ഇക്കാവമ്മ ധീരമായ പ്രതിവാദത്തോടെയാണ് തന്റെ സുഭദ്രാർജ്ജുനം ആരംഭിച്ചത്.

"മല്ലാരി പ്രിയയായ ഭാമ
സമരം ചെയ്തീലയോ? തേർതെളി
ച്ചില്ലേ പണ്ടു സുഭദ്ര പാരിതു
ഭരിക്കുന്നില്ലേ വിക്ടോറിയ?
മല്ലാക്ഷീമണികൾക്കു പാടവ
മിവയ്ക്കേറ്റം ഭവിച്ചീടുകിൽ
ചെല്ലേഴും കവിതയ്ക്കു മാത്ര
മിവരെന്നു വന്നീടുമോ?"

എന്ന് സാഹിത്യത്തെ തുല്യാവകാശവുമായി ബന്ധിപ്പിക്കുകയായിരുന്നു ഇക്കാവമ്മ. അതിനുമുമ്പ് സാഹിത്യരചന ഒരു സുകുമാര കോമള കലയായിരുന്നുവെങ്കിൽ നവോത്ഥാന സ്ത്രീയ്ക്കതു ആത്മവത്തയുടെ പ്രകാശനം കൂടിയായിരുന്നുവെന്നർത്ഥം-വിദൂഷിയിൽ നിന്ന് എഴുത്തുകാരിയിലേക്കുള്ള പ്രവേശനം എന്നു പറയാം. തരവത്ത് അമ്മാളു അമ്മ, ബി കല്ലാണി അമ്മ, ടി സി കല്ല്യാണിയമ്മ, അമ്പാടി, കാർത്ത്യായനിയ

മ്മ, മേരിജോൺ കൂത്താട്ടുകുളം, മേരി ജോൺ തോട്ടം, ബാലാമണിയ മ്മ, കടത്തനാട്ടു മാധവിയമ്മ, ലളിതാംബികാ അന്തർജ്ജനം, സരസ്വ തിയമ്മ തുടങ്ങിയവരിലൂടെ ഈ വഴി ശക്തമായി.

പുരുഷ കേന്ദ്രിത സങ്കല്പം സ്ത്രീത്വവും സ്ത്രീ ആവിഷ്ക്കാരവും തമ്മിലുള്ള ഇടർച്ച ആരംഭിക്കുന്നതും ഈ ഘട്ടത്തിലാണ്, പുരുഷത്വം എപ്പോഴും സ്ത്രീയെ ഗാർഹികവൽക്കരിക്കാനുള്ള പ്രത്യയശാസ്ത്ര നിർമ്മിതിയിലേർപ്പടുകയും സ്ത്രീ സമൂഹം അതേ പൊതുബോധത്തെ ആന്തരവൽക്കരിക്കുകയും ചെയ്തു കൊണ്ടിരുന്ന ഘട്ടത്തിലാണ് എഴുത്ത് എന്ന പ്രക്രിയയ്ക്കുമേലുള്ള ചർച്ചകൾ സജീവമായി മാറിയ ത്. എഴുത്ത് സ്വകാര്യ ഇടമാണെന്ന സമീപനം തന്നെയാണ് ആദ്യകാല എഴുത്തുകാരികൾ സ്വീകരിച്ചതെങ്കിലും ഗാർഹികതയെ മറികടന്ന പൊതുവ്യവഹാരങ്ങളിൽ സജീവമായിത്തീരാനുള്ള ത്വര അത് പ്രകടി പ്പിക്കുന്നുണ്ട്.

“നമ്മുടെ കേരളീയ മഹിളമാർ ലോകബഹുമതിക്ക് അർത്ഥകളാക ത്തക്കവണ്ണം സാഹിത്യരംഗത്തിൽ വിളയാടേണ്ടതിന്ന് ആദ്യമായി അവ കാശപ്പെടേണ്ടതും അശ്രാന്ത പരിശ്രമങ്ങളാൽ സമ്പാദിക്കേണ്ടതും ആകുന്നു” എന്ന് 1915-ൽ കെ എം കുഞ്ഞുലക്ഷ്മിയമ്മ മഹിളാരത്നം സ്ത്രീ മാസികയിൽ എഴുതുന്നുണ്ട്. (കല്പനയുടെ മാറ്റൊലി-ദേവിക)

എഴുത്ത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു അവകാശമാണെന്ന തിരിച്ചറിവ് അന്നു തന്നെ സ്ത്രീകൾ നേടിയിരുന്നുവെന്നാണിത് കാണി ക്കുന്നത്. ഇന്ത്യൻ സാഹിത്യത്തിന്റെ പുരുഷ സമീപനങ്ങളെ വിമർശന വിധേയമാക്കുന്നതിനും ഇക്കാലം അവർ ശ്രമിക്കുന്നുണ്ട്. കാളിദാസന്റെ 'ശാകുന്തള'ത്തിൽ ശകുന്തളയെ കണ്വൻ ഉപദേശിക്കുന്നതിനെക്കുറിച്ച് “സപ്തനീ ജനത്തിൽ വിപ്രിയം ചെയ്യരുതു നികൃതയെന്നാകിലും എന്ന് ഒരു സ്ത്രീ ജനത്തിനോടുപദേശിച്ച മഹാൻ പത്നീ ജനത്തിനോടും വിപ്രിയം ചെയ്യരുതെന്ന പുരുഷനോടും ഉപദേശിച്ചിരുന്നുവെങ്കിൽ ശകു ന്തളയുടെ ദുഃഖം വായനക്കാരുടെ മനസ്സിനെ തപിപ്പിക്കുകയില്ലായി രുന്നു”വെന്നു 'പുരുഷധർമം' എന്ന 1906-ൽ എഴുതിയ ലേഖനത്തിൽ കെ. ലക്ഷ്മിയമ്മ വിശദീകരിക്കുന്നു.

ലളിതാംബിക അന്തർജ്ജനത്തിലെത്തുമ്പോഴേക്കും ലിംഗ പദവി യോടു ബന്ധപ്പെട്ട സ്ത്രീയുടെ സവിശേഷ സ്വത്വത്തിന്റെയും അത് സാമൂഹിക സന്ദർഭങ്ങളിൽ നേരിടുന്ന വിവേചനത്തിന്റെയും അനുഭവ ങ്ങളും പ്രതികരണങ്ങളും സർഗാത്മകമായി അവതരിപ്പിക്കപ്പെട്ടു. പരി ഷ്കരണത്തിന്റെ നിർവാഹകത്വം പുരുഷനും പരിഷ്കരണ വസ്തു വെന്ന നില സ്ത്രീക്കും കല്പിക്കുന്ന പരിഷ്കരണ വാദത്തെ വിമർശി ക്കുന്ന പ്രതീക്ഷകൾ പോലുള്ള കഥകൾ ലളിതാംബിക എഴുതുകയു ണ്ടായി. വി ടി തുടങ്ങിവെച്ച പ്രവർത്തനങ്ങളുടെ പിൻബലം അവരുടെ എഴുത്തിന് പ്രചോദകമായതായി കാണാം. 'പ്രതികാര ദേവത' പോലുള്ള കഥകൾ അസാമാന്യമായി ധീരതയുള്ള ഒരാൾക്കു മാത്രം എഴുതാൻ കഴിയുന്നതാണ്. മാതൃത്വത്തെ ആദർശവൽക്കരിക്കുക മാത്ര

മല്ല അതിന്റെ ദുർഭരമായ ക്ലേശങ്ങളേയും യാതനകളേയും പരുഷമായി പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. 'വിവാഹ മുഹൂർത്തം' പോലുള്ള കഥകളിൽ.

കൊച്ചാട്ടിൽ കല്യാണിക്കുട്ടിയമ്മ 1938-ൽ പ്രസിദ്ധീകരിച്ച 'സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നതിന്റെ സൂചനയാണ് നൽകുന്നത്. 1991-ൽ ഇവരുടെ 'പഥികയും വഴിയോരത്തെ മണിദീപങ്ങളും' എന്ന ആത്മകഥയ്ക്ക് അവാർഡും ലഭിച്ചുവെന്നോർക്കണം. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ സൃഷ്ടിച്ച ഈ ഉണർവ്വിലാണ് കേരളത്തിലെ സ്ത്രീപക്ഷ സമീപനങ്ങൾ അസ്ഥിവാരമുറപ്പിച്ചത്.

1938-ൽ സരസ്വതിയമ്മയുടെ ആദ്യകഥ പ്രസിദ്ധീകരിച്ചുവെന്നത് യാദൃശ്ചികമാണെങ്കിലും ഈ തുടർച്ചയെ സൂചിപ്പിക്കുന്നു. എൺപതിലേറെ കഥകൾ എഴുതിയ അവരുടെ അഞ്ചോ ആറോ കഥകളിൽ മാത്രമാണ് സ്ത്രീ ജീവിതം പ്രമേയമായി വരാത്തത്. അവർ സ്ത്രീകളെക്കുറിച്ചുമാത്രം എഴുതിക്കൊണ്ടിരുന്നു എന്നു വേണമെങ്കിൽ പറയാം. 'പുരുഷ പദവികൾ കയ്യേത്തിപ്പിടിക്കുന്ന മഹിളകൾ' എന്ന പൊതു സമീപനങ്ങളിൽ നിന്നു വ്യത്യസ്തമായി സ്ത്രീകൾക്ക് പൊതുവായി ചില അവകാശങ്ങളുണ്ടെന്നും അത് ആധുനിക സമൂഹസൃഷ്ടിക്ക് അത്യനാതപേക്ഷിതമാണെന്നുള്ള സമീപനം ഇക്കാലം സാഹിത്യത്തിൽ സജീവമായി. സ്ത്രീയെ പുരുഷന്റെ ആശ്രിതലിംഗമെന്ന നിലയിൽ നിന്നു വ്യത്യസ്തമായി സ്വതന്ത്രമായ അസ്തിത്വമെന്ന നിലയിൽ സരസ്വതിയമ്മ ആവിഷ്ക്കരിക്കാൻ ശ്രമിച്ചു. അതിനവർ അതുവരെ നിലനിന്നിരുന്ന ദാമ്പത്യം, സദാചാരം തുടങ്ങിയ സ്ഥാപനവൽകൃതമൂല്യങ്ങളെ വിമർശന വിധേയമാക്കി 'പുതിയമാതൃകകൾ' ഭർത്തൃത്വം 'വൈവിധ്യം വേണ്ടേ' തുടങ്ങിയ കഥകൾ സ്ത്രീയെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയെന്ന പുരുഷന്റെ 'അധിക ബാധ്യത'യെ അസ്വസ്ഥപ്പെടുത്തുന്നവയായിരുന്നു. ഇത്തരം കഥകളെഴുതിയതിന്റെ പേരിൽ സമൂഹം അവരെ ഒറ്റപ്പെടുത്തുകയും പുരുഷ വിദ്വേഷത്തിന്റെ കഥകൾ എന്ന മുദ്ര അവയിൽ പതിക്കുകയും ചെയ്തു.

ജനാധിപത്യപരമായ ലിംഗസമീപനത്തിനു പകരം ലിംഗപദവികളുടെ സ്ഥാപിത വൈകാരിക മൂല്യങ്ങളുടെ തടവിലായിരുന്നു മലയാള സാഹിത്യം. അതിനാൽ ബാലാമണിയമ്മയെ മാതൃത്വത്തിന്റെ മുദ്ര കുത്തി അവർ ഉയർത്താൻ ശ്രമിച്ചു. ഇതര സ്ത്രീ ജീവിതാവിഷ്കാരങ്ങളെ വായനാ ലോകം നിശ്ശബ്ദമാക്കിത്തീർത്തു. മലയാളത്തിലെ പുരുഷ വായനാലോകം വായനയിലൂടെ നിർമ്മിച്ചെടുത്തത് ഈ മൂല്യമായിരുന്നു. 'മഴുവിന്റെ കഥ' പോലുള്ള ഏറ്റവും മികച്ച കവിത മലയാളി സമൂഹം പൊതുവിൽ അവഗണിച്ചു. മാത്രവുമല്ല പിതൃത്വത്തെ ഒരു സവിശേഷ മൂല്യമായി പുരുഷനിൽ ആരോപിച്ചതുമില്ല. സ്ത്രീയുടെ സവിശേഷമായ അനുഭവ മേഖലയെ സാഹിത്യത്തിലേക്കാനയിച്ചുവെന്നാണ് മലയാള കവിതയിൽ ബാലാമണിയമ്മയെ പ്രസക്തയാക്കുന്നത്. അനുഭവത്തെ ബ്രാന്റു ചെയ്യുന്നത് അവയെ ഒതുക്കി നിർത്താനുള്ള തന്ത്രം

കൂടിയാണെന്ന യുക്തി കൂടി നാം തിരിച്ചറിയേണ്ടതുണ്ട്.

ലളിതാംബിക അന്തർജ്ജനം അവരുടെ ആത്മകഥയായ ആത്മകഥയ്ക്ക് ഒരാമുഖത്തിൽ എഴുതിയത്-എന്നെപ്പോലെ ഒരു സ്ത്രീക്ക് ഒരു കലാകാരിയെന്ന ബിരുദം കിട്ടുക അത്ര എളുപ്പമൊന്നുമല്ല. കിട്ടിയാൽത്തന്നെ അത് വെച്ചു പുലർത്തുക അത്രയും കൂടി എളുപ്പമല്ല; സുഖകരവുമല്ല. ഒരു കലാജീവിതത്തെ ചൂഴുന്ന നിരവധി സംശയങ്ങൾ -അസ്വാതന്ത്ര്യങ്ങൾ, പേടികൾ, പുരുഷനാണെങ്കിൽ നിസ്സംശയം ചവിട്ടി മെതിക്കാവുന്ന ആ മുൾപ്പടർപ്പുകളിലൂടെ ഞങ്ങൾ സ്ത്രീകൾ എത്ര കരുതലോടെ ഭയാശങ്കകളോടെ നൂഴ്ന്ന് നൂഴ്ന്ന് കയറിപ്പോകണം. ഒരു കലാഹൃദയത്തിന്റെ സ്വച്ഛന്ദമായ വികസനത്തിന് ഏറ്റവും വലിയ ശത്രുവാണീഭയം എങ്കിലും ഞങ്ങൾക്ക് പേടിക്കാതെ കഴിയുകയില്ല. പൊതുജനങ്ങളെ സ്നേഹിക്കുന്നതുപോലെ തന്നെ ഞങ്ങൾ ഭയപ്പെടുകയും ചെയ്യുന്നു.

ഭയം എന്ന നിശാവസ്ത്രത്തിൽ നിന്ന് സ്ത്രീകൾ ചരിത്രത്തിലൂടെ നടന്നു കയറിയതിന്റെ രേഖകളാണ് ഈ ആത്മകഥ. നവോത്ഥാനകാലത്തെ സ്ത്രീകളുടെയെല്ലാം ആത്മകഥകൾ ഒറ്റയൊറ്റ വ്യക്തിയുടെ 'ആത്മ'കഥകളായിരുന്നില്ല. അത് ഒരു സ്വത്വരൂപത്തിന്റെ പ്രകാശനങ്ങളായിരുന്നു. വിധേയത്വത്തിൽ നിന്ന് ആത്മത്തിലേക്കുള്ള പരിണാമത്തിനുവേണ്ടിയുള്ള സമരങ്ങളായിരുന്നു. യഥാർത്ഥത്തിൽ നവോത്ഥാന സ്ത്രീ സർഗാത്മകതയെന്നത് പലതരം ശ്രേണീബദ്ധഭയങ്ങളിൽ നിന്നുള്ള വിമോചനമായിരുന്നുവെന്നു പറയാം.

# चन्द्रकान्त देवताले की कविताओं में सामाजिक चेतना

डॉ. षिबी. सी
एसिस्टन्ट प्रोफसर, कार्मल कॉलेज, माला, तृश्शूर

समकालीन हिन्दी कवियों में चन्द्रकान्त देवताले समर्थतम और मुकम्मिल हैं । चन्द्रकान्त देवताले ने समकालीन कविता के तेवर को तराशने में महत्वपूर्ण योगदान दिया है । वह अपने दायित्व के प्रति हमेशा सजग रहकर कविता लिखा है । वह हमेशा आम आदमी के पक्षधर है । आम आदमी के जीवन, उसके अनुभवों और यातनाओं का तटस्थपूर्ण रेखाएँ उन्होंने अपनी कविताओं में खींचा है । वह समाज के विसंगतियों के प्रति चुप रहना नहीं चाहता, बल्कि विरोध का स्वर अपनी कविताओं में भर देता है । अपनी आँखों को धोखा देने के लिए कवि तैयार नहीं है । जीवन के हर एक घटना की चश्मदीद गवाह बनने के लिए
अपनी कविताओं के माध्यम से तैयार है । यही पहचान चन्द्रकांत देवताले की कविताओं की विशेषता है । कवि स्वयं कहता है कि,

"मेरे पास छिपाने को कुछ नहीं
हाँ छिपाने को होता है
बहुत कुछ हर व्यक्ति के पास पर मैं तो उगल चुका –
कविताओं में अपने सारे भेद ...
वह रहा फुसफुसाहटों में दबा
मेरी कमीनगी का स्याह पत्थर
इस अमलतास वाली कविता में ये
ताज़े बबूल के काँटों सी मेरी कमज़ोरियाँ
यह मेरी ताकत का सबूत समुद्र"

कवि अपनी एकदम निजी अभिव्यक्ति को किसी अदालत की बंद चारदीवारी में नहीं बल्कि सबके सामने बयान करना चाहते हैं । अपनी कई कविताओं में कवि अपनी अनेक तरह की कमज़ोरियों, विफलताओं, दुःखों और विश्वासघातों के यथार्थ बयान हमें देता चलता है ।समकालीन कविता के इस सुप्रसिद्ध कवि का जन्म 7 नवम्बर 1936 में जौलखेड़ा, मध्यप्रदेश में हुआ ।

समकालीन कवियों में चन्द्रकान्त देवताले का महत्त्वपूर्ण स्थान है । पत्र-पत्रिकाओं से भी उनका निकट सम्बन्ध रहा है । उन्होंने 'मुक्तिबोध : कविता और जीवन विवेक' नामक समीक्षात्मक पुस्तक लिखी है । साहित्यिक सेवा के लिए चन्द्रकान्त देवताले को अनेक पुरस्कार मिले हैं । उनके अनेक काव्य संग्रह 'प्रकाशन' सीरीज से प्रकाशित हो चुके हैं । 'हड्डियों में छिपा ज्वर' (1973), 'दीवारों पर खून से' (1975), 'लकड़बग्घा हँस रहा है' (1980), 'रोशनी के मैदान की तरफ' (1982), 'भूखण्ड तप रहा है' (1982), 'आग हर चीज़ में बताई गई थी' (1987), 'पत्थर की बैंच' (1996), 'उसके सपने' (1997), 'इतनी पत्थर रोशनी' आदि प्रमुख काव्य संग्रह हैं ।

चन्द्रकान्त देवताले की कविता परिश्रमी और मेहनतकश के लिए बोलती है । दैनिक जीवन की विविध पहलुओं को समाज के सम्मुख प्रस्तुत करना उनका लक्ष्य है । कवि जनसामान्य से जुड़ा हुआ है । उनके जनसामान्य जुड़ाव को उजागर करनेवाली कविताओं में 'मेरी पोशाक ही ऐसी थी' और 'दो लड़कियों का पिता होने से' आदि मुख्य हैं । 'मेरी पोशाक ही ऐसी थी' में चन्द्रकान्त देवताले आदिवासी पिछड़ी हुई भारतीय स्त्री का चित्रण करते हैं । 'दो लड़कियों का पिता होने से' में एक पिता की मानसिक संकल्पनाओं का चित्रण हुआ है । आदिवासी माँ की गोद से उसकी बेटी को उठाकर अपने गोद में लेकर बैठने से उनको अपनी बेटी याद आती है और यह अनुभव करते हैं कि वह भी उसकी बेटी की ही समान है ।

'हड्डियों में छिपा ज्वर' (1973) काव्य कृति की कविताओं में जीवन के प्रति गहरा प्रेम दिखाई देता है । आज के समाज का मुँह को पर्दाफाश करते हुए कवि कहता है,

"अब बन्दूक गोली । और खबरों के बीच
वह कागज़ का टुकड़ा है । और बजट के पहले
तुम्हें इसे अन्धेरे को सौंपना है । जिसमें झूठ ।
इतिहास में आने से पहले । अभी टैलीविजन पर ।
इश्तहार बनता रहा है ..... ।"

कवि कभी-कभी भारतीय समाज में व्याप्त तमाम विड़म्बनाओं के प्रति अपनी राय प्रकट करते हैं, कभी आक्रोश भी करते हैं, वह कहता है कि,

"मैं वेश्याओं की इज़्ज़त कर सकता हूँ
पर सम्मानितों की वेश्याओं जैसी हरकतें देख
भड़क उठता हूँ पिकासो के साण्ड की तरह
मैं बीस बार विस्थापित हुआ हूँ"  (मैं मरने से नहीं डरता)

यही आक्रोश उनकी काव्य संग्रह 'दीवारों पर खून से' में भी दर्शनीय है । कवि चाहते हैं कि उनकी कविताओं को पढ़कर जनता में प्रतिरोध की शक्ति जागृत हो जाए । वे जीवन की त्रासदी को सहिष्णुता के साथ देखते हैं और उसके प्रति सहानुभूति प्रकट करते हैं । निड़र होकर जीवन में आगे बढ़नेवाले जनसामान्य ही कवि के लिए आनन्ददायक है । 'रचना प्रक्रिया के पूर्व' कविता में कवि कहते हैं कि,

"खाली हाथ और भरे मन । रेत के ऊपर
सूखी नदी में । चित लेटे हुए । मैं सूर्य मांगता हूँ ।
मुझे अर्क मिलता है । सिर्फ यही शब्द नहीं मिलता ।
अतिरिक्त सैकड़ों शब्द सेंकता हूँ । सिर्फ यही जगह -
छूटती है । जहाँ कुछ हो सकता हूँ । वैसे फेंकता हूँ अपने को ।
लहरों के बीच । सड़कों पर । लोगों के भीतर ।"

कवि इन पंक्तियों में आम जनता के पक्षधर होकर उनमें एक नयी ताज़गी और जोश भर देने का प्रयास करते हैं । कवि अपने आपको जनता के बीच खड़ा करके उनमें क्रान्ति का संगीत

भरना चाहता है । 'पोलियो ग्रस्त बच्चे की सवारी' कविता में कवि कहता है कि, जनता लूंज-पुंज बच्चे के समान है । क्योंकि आज की राजनीति ने उन्हें असहाय बना दिया है और वे लूंज-पुंज बच्चे जैसे है ।

"पहाड़ की तलहटी को रौंदकर मैं चढ़ा
पर एक काली चट्टान पर बैठे मिले
वृद्ध ने इशारे से रोककर मुझसे कहा
'तुम उधर जाकर कुछ नही कर पाओगे'
दरअसल मैं कुछ ज्यादह नही जानता हूँ
सिवा इसके कि वे लोग एक मरियल घोड़े पर
पोलियो-ग्रस्त उस लुंज-पुंज बच्चो को बिठला कर
आखिर क्यों ढोल पीटते हुए इस तरह करते है ..... "

कवि कहता है कि जब तक हाथ सक्रिय नही होते तब तक कविता बेकार है और केवल सिगरेट सुलगाने के समान है । अपनी कविता 'नर्क में शुरु करें इसी वक्त' में कहा है –

"अगर हाथ पैंट की जेब में है
और आँखें कविता के इतिहास पर
तो मुँह से निकलने वाली कविता
अगर चकमक का काम करती भी है
तो केवल उससे क्रान्ति ब्राण्ड
सिगरेट सुलग सकती है । "

आज की सामाजिक व्यवस्था और मानव संबन्धों पर कवि को आस्था नहीं है, कवि इसलिए कहता है,

"हर धन्धे में कमाता है कोई न कोई
यह एक ही तो धन्धा है आपसी का
जिसमें किसी को भी फायदा नहीं
आमादा ही हैं अहसान करने पर हमदर्द
तो बेहतर है वो मुझे भुला दें, शुरु से आखिर तक"

(याददास्त का मारा हुआ)

चन्द्रकान्त देवताले अपने परिवेश के प्रति सजग है और अमानवीय व्यवहार के प्रति कठिन रूप में आक्रोश भी करते हैं। उनकी कविता हमेशा विसंगतियों का विरोध करती है । समकालीन राजनीति के कपटता को भी उन्होंने कविता का विषय बनाया है । 'कविता के अंधेरे में' शीर्षक रचना में उपर्युक्त बातें इस तरह स्पष्ट हुआ है,

"यहीं कवितांत के अन्धेरे में
खून के गोंद चकतों के भीतर
धँस कर सह रही है
जो जहरीली सदी
उसके लिए जिम्मेदार हैं
आदमी की खाल में
गधे और भेड़िए का
आधा-आधा भेजा लिए
घूमते राजनीति के झण्डाबरदार
पूरा देश बूचड़खाने की तरह ।"

'लकड़बग्घा हँस रहा है' काव्य संग्रह के 'शाम को सड़क पर एक बच्चा' कविता में मानवीय करुणा के साथ मानवीय क्रूरता का भी चित्रण हुआ है। भारतीय समाज में स्त्री की स्थिति दयनीय है, जिसका वर्णन 'औरत' कविता में है।

"एक औरत का धड़
भीड़ में भटक रहा है
उसके हाथ अपना चेहरा ढूँढ़ रहे है
उसके पाँव
जाने कब से
सबसे
अपना पता पूछ रहे हैं।"

गृहस्थी एवं पारिवारिक समस्याओं को भी कवि ने अपनी कविता के लिए विषय बनाया है। 'दो लड़कियों का पिता होने से' और 'समुद्र' ऐसी ही कवितायें हैं। 'भूखण्ड तप रहा है' कविता में आज की मूल्यहीन समाज का चित्रण किया गया है। कविता का नायक त्रिभुवन दुर्भाग्यों के बीच पिसती हुई जनता को सरकार बनाते देखता है और यातनाओं के बीच में सबको खड़ा पाता है –

"सरकार भी सरकार बनने के लिए।
झाँकती है दीनों की दुनिया में।
फिर मुट्ठी भर दाने छितराकर।
लड़वा देती है आपस में।
और एक नाजुक मौका देख माँगती है ताकत।
उन करोड़ों कमज़ोर लोगों से।"

इस कविता का दायरा बहुत बड़ा है। विविध पहलुओं से होकर कविता का विकास संभव हुई है। ग्राम्य जीवन के दुख-दर्द भरे दृश्य से लेकर ग्राम की लड़कियाँ, महाजन आदि का चित्रण है। पृथ्वी और प्रकृति के प्रति भी लगाव इस कविता की विशेषता है।

'पत्थर की बैंच' काव्य संकलन में जीवन की जटिलता को, दुःख और प्रेम के क्षणों को, पकड़ने की भारी प्रयास किया गया है। इस संग्रह में भी पिछली कविताओं की तरह भारतीय समाज और राजनीति की तमाम विडंबनाओं और कुरूपताओं के विरुद्ध एक खुला गुस्सा है, विरोध है। 'भले लोग रात की छाती में सिर छिपा रहें' कविता में आज की अराजक समाज का चित्रण वे इस प्रकार करते हैं कि,

"बाहर बारिश हो रही
भीतर हिमपात
हिनहिना रहे घोड़े की तरह हुमसते हमलावर
तापते अलाव के पास
कुत्ते गुर्रा रहे ....."

भारतीय समाज को अपनी कविता की प्रतीकात्मक भाषा से छेदकर हमारे सामने प्रस्तुत करनेवाला कवि अपने आवाज़ कभी अपने ही दायरे में बन्द नहीं करना चाहता। कवि 'इतनी पत्थर रोशनी' काव्य संग्रह के 'बन्द नहीं कर सकता' कविता में कहते हैं कि,

"इस भले शुक्रवार की दोपहर भी
मैं कीलें ठोक कर
बन्द नहीं कर सकता अपने भीतर आवागमन
उन चीज़ों का

जिनको मैं लगातार बचाना चाहता हूँ
अपनी ही छाया से ।"

कविता के माध्यम से उन्हें जो कहना है, चीरफाड़कर कहने को कवि तैयार हैं। अपने जिम्माओं को भूलकर सुख जीवन का संकल्प करने केलिए कवि किसी भी हद तक तैयार नहीं है । इसलिए अपनी कविता 'मैं मरने से नहीं डरता' कविता में कवि कहता है कि,

"ऐसा जिन्दा रहने से नफ़रत है मुझे
जिसमें हर कोई आये और मुझे अच्छा कहे
मैं हर किसी की तारीफ करके भड़कता रहूँ
मेरे दुश्मन न हों
और इसे मैं अपने हक में बड़ी बात मानूँ ।"

अपने समाज के प्रति जो लगाव है उसके जीवित उदाहरण के रूप में आप अपने कविताओं को हमारे सामने प्रस्तुत करते हैं । कवि अपने को भारतीय आदमी के पक्षधर मानते हैं । उनकी कविताओं में सामाजिक अनुभूति भरे हुए हैं । कवि का मन अपने समय के समस्याओं से तप रहा है । उनकी काव्य भाषा में तेज़ी और आक्रमणकारी हथियार का आक्रोश है । वे स्वयं कविता को हथियार मानकर अपने को समाज के विशिष्ट सेवक मानता है और कहता है कि,

"जबडे जो आदमी के मांस में
गड़ा देते है दांत
यदि उन पर चोट होती है कविता
तो मैं कविता का अहसान मंद हूँ ।" (कविता का अहसान मंद हूँ)

**सहायक ग्रन्थसूचि**


1. इतनी पत्थर रोशनी — चन्द्रकान्त देवताले
2. चन्द्रकान्त देवताले की काव्य चेतना — चंदू खंदारे
3. काव्य सरगम — सन्तोष कुमार चतुर्वेदी